CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# സൊളൊമോൻെറ
# സുഭാഷിതങ്ങൾ

---

## The Proverbs of Solomon

BY

Rev. Fr. Emmanuel of the H.Ghost,
T.O.C.D.

Printed at St Joseph's Press Mannanam

1921

www.TheCMSIndia.org

THE

# Proverbs of Solomon

BY

Rev. Fr. Emmanuel of the H. Ghost,

T. O. C. D.

E10

MANNANAM.

PRINTED AT THE ST. JOSEPH'S PRESS.

1921.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സൊളൊമോന്റെ

# സുഭാഷിതങ്ങൾ.

ദിവ്യശ്രീ

ക. നി. മൂ. സ. മാണിക്കത്തനാരാൽ

വിരചിതം.

വി. യൌസേപ്പ പി. മുദ്രാലയം,

മാന്നാനം.

൧൯൨൧.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സമൎപ്പണം.

സുറിയാനിസഭയുടെ മകുടാലങ്കാരവും, സന്മാൎഗ്ഗതത്വങ്ങളും വേദാന്തസിദ്ധാന്തങ്ങളും പദ്യകൃതികൾ മൂലം മനുഷ്യഹൃദയങ്ങളിൽ തറച്ചുറപ്പിച്ച വിശുദ്ധകവിയും, സാൎവ്വത്രികസഭയുടെ "മല്പാൻ" എന്ന് ൰൫-ാം ബനദിക്തോസ് മാൎപ്പാപ്പായാൽ പ്രഖ്യാപനം ചെയ്യപ്പെട്ട വിജ്ഞാനനിധിയുമായ മാർ അപ്രേമിൻെറ തൃപ്പാദങ്ങളിൽ ഈ ചെറിയ പുസ്തകത്തെ ഏററം താഴ്മയോടെ സമൎപ്പിച്ചുകൊള്ളുന്നു.

www.TheCMSIndia.org

ക. നി. മൂ. സ. ബ. അമ്മാനുവേലച്ചൻ രചിച്ച "സോളമോൻെറ സുഭാഷിതങ്ങൾ" എന്ന ഈ പുസ്തകം ന. സഭയിലെ രണ്ടച്ചന്മാർ പരിശോധിച്ചിരിക്കയാൽ പ്രസിദ്ധംചെയ്യുന്നതിന്ന് അനുവദിക്കുന്നു.

ക. നി. മൂ. സ. പ്രിയോർ ജനറാൾ
യൌസേപ്പ അലക്‌സാന്ത്രോസ് പ.

[illegible]

[illegible]

മാന്നാനം,
൧൯൨൧ മകരം ൨൦.

Imprimatur.

[illegible] ✠

[illegible]

*Changanacherry,*
*27 January 1921.*

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# അവതാരിക.

നമ്മുടെ മാതൃഭാഷയായ കൈരളിയ്ക്കു്, അവളുടെ വ്യാപ്തിയ്ക്കു തക്ക പുഷ്ടി ഇല്ലെന്നുള്ള വാസ്തവം വ്യസനപൂൎവ്വം സമ്മതിക്കയേ തരമുള്ളൂ. ഈ ന്യൂനതയെ പരിഹരിയ്ക്കുന്നതിന്നു് ആംഗല മലയാളഭാഷകളിൽ ഒരുപോലെ വിദഗ്ദ്ധന്മാരായ വിദ്വാന്മാർ യഥാശക്തി ശ്രമിപ്പാൻ തുടങ്ങിയിരിക്കുന്നതായി കാണുന്നതിൽ അനല്പമായ സന്തോഷത്തിനു വകയുണ്ടു്; എങ്കിലും പുറത്തു വന്നിട്ടുള്ള കൃതികളിൽ മിക്കവയും ശൃംഗാരരസപ്രധാനങ്ങളും സന്മാൎഗ്ഗവിരുദ്ധ ബീജങ്ങളടങ്ങിയവയും ആകകൊണ്ടു് ബാലവല്ലികളുടെ ഹൃദയങ്ങളെ പ്രായേണ അപവഷളാക്കുന്നു എന്നുള്ളതു് ഏററം പരിതാപകരമായ ഒരു വാസ്തവമാണു്. അതിനാൽ, ദൈവഭയത്തേയും ജ്ഞാനത്തേയും ഹൃദയങ്ങളിൽ ഉല്പാദിപ്പിക്കുന്ന ശ്രേഷ്ഠഗ്രന്ഥങ്ങളാണു് ഇപ്പോൾ അത്യന്താപേക്ഷിതമായിരിക്കുന്നതു്. ഏതാദൃശമായ ഒരു കൃതിയാണു് എന്റെ മുൻപിലിരിക്കുന്ന ഈ ചെറിയ പുസ്തകം. ഇതിൽ അനുഷ്ടുപ്പുവൃത്തത്തിലുള്ള ൩൦൦ ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. ഈ കൃതിയുടെ വിഷയം, ജ്ഞാനികളിൽ അഗ്രഗണ്യനെന്നു് സൎവ്വസമ്മതനായ സോളമന്റെ സുഭാഷിതങ്ങളിൽ അടങ്ങിയിരിക്കുന്ന ശ്രേഷ്ഠതരമായ ചില തത്വങ്ങളാണു്. മൂലഗ്രന്ഥം വായിച്ചാൽ എന്നതുപോലെയുള്ള രസം ഈ തൎജ്ജമയെ വായിക്കുന്നവൎക്കും അനുഭവിപ്പാൻ കഴിയും എന്നു് പ്രത്യേകം പ്രസ്താവിയ്ക്കേണമെന്നില്ല. അനുഭവിച്ചുതന്നെ അറിയണം. ഉദാഹരണത്തിന്നായി രണ്ടു ശ്ലോകം പകൎത്തുന്നു:—

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

1 ക്ഷമയുള്ളവനോടേതു –
യോദ്ധാവും സമനായിടാ;
നഗരങ്ങൾ പിടിക്കുന്നോൻ
ജിതാത്മാവോടുമൊത്തിടാ.

2 ജനിപ്പിച്ച പിതാവിന്നു
വഴിപ്പെട്ടു നടക്കണം;
വൃദ്ധമാതാവിനെച്ചെറ്റും
തുച്ഛമാക്കാതിരിക്കണം.

ഈ ശ്ലോകങ്ങൾ എത്രയൊ ലളിതങ്ങൾ! അവയുടെ അൎത്ഥങ്ങൾ എത്രയൊ ഗംഭീരങ്ങൾ! ആശയങ്ങൾ എത്ര ഗഹനങ്ങൾ! കിംബഹുനാ, ഈ വക സൽഗ്രന്ഥങ്ങളെ വായിച്ചു രസിക്കുന്നതിന്ന് കഴിയാത്ത ശൂന്യഹൃദയന്മാർ ഉണ്ടെങ്കിൽ വ്യസനിക്കയല്ലാതെ നിവൃത്തിയില്ല. ഈമാതിരി പുസ്തകങ്ങൾക്കാണ് പാഠപുസ്തകപ്പട്ടികയിൽ സ്ഥലം അനുവദിക്കേണ്ടതു്. പക്ഷെ ശൃംഗാര രസത്തിന്റെയും ദുൎഭാഷണങ്ങളുടെയും അഭാവം ഒരു ന്യൂനതയായി കരുതിവരുന്ന ആധുനികകാലത്തിൽ ഏതത്സംബന്ധമായി അധികം വിസ്തരിക്കേണ്ട ആവശ്യമില്ലല്ലൊ. സന്മാൎഗ്ഗബോധമുള്ളവർ– വിശിഷ്യ, ക്രിസ്ത്യാനികൾ– ഈ കൃതി വാങ്ങി വായിക്കാതിരിക്കുകയില്ല എന്ന് ഗ്രന്ഥകൎത്താവിന്ന് ഒരു കൃതാൎത്ഥതയ്ക്കു നിശ്ചയമായും അവകാശമുണ്ടു്.

സുഭാഷിതത്തിന്റെ ശേഷം ഭാഗങ്ങൾ കൂടി യോഗ്യനായ ഗ്രന്ഥകൎത്താവിന്റെ പരിശ്രമഫലമായി അചിരേണ വെളിയിൽ വരട്ടെ എന്നുള്ള ആശംസയോടുകൂടി വിരമിക്കുന്നു.

ചെങ്ങളം, | കൈപ്പൻപ്ലാക്കൽ
൨൦. ൧൧. ൧൧൨൦. | ജെ. അബ്രാഹാം കത്തനാർ.

www.TheCMSIndia.org

# അഭിപ്രായം.

പാലാ,
൧൮൯൭ ജനുവരി. ൩൧.

ദിവ്യശ്രീ ക. നി. മൂ. സ, എമ്മാനുവേൽ അച്ചൻ
അവർകൾക്ക്.
ചെത്തിപ്പുഴ.

ലളിതപദ്യ സുഭാഷിത ഭാഷയെ-
ത്തെളിവകം കവിയുംപടി നോക്കി ഞാൻ
കുളിരനോപമമിക്കൃതിപേർത്തുമുൽ-
ത്തളിരിലേവനുമേകുമസംശയം.

സുധികളേകമനസ്സോടു വാഴ്ത്തുവോ-
രധികമേന്മകലൎന്ന സുഭാഷിതം
അധിപതിക്കുമതിൻപടി ദീനനും
നിധികണക്കുഴിവററൊരു വിത്തമാം.

മതിമയക്കമമന്ദമകന്നു സൽ-
ഗതി ലഭിപ്പതിനൊത്തവിധം നരൻ
ക്ഷിതിയിൽ വാണിടുവാൻ ശരിയോടുമീ-
ക്കൃതിയിലുണ്ടുപദേശമനല്പമായ്.

ഭുവനവിശ്രുതമാകുമിതിൽപ്പെടും
പ്രവരമാമുപദേശമശേഷവും
അവസരോചിതമാണവ തീൎച്ചയാ-
യവധിയററവൎക്കും തെളിവേവനും.

www.TheCMSIndia.org

നരകുലത്തിനു ദുഷ്കൃതമാം ഭയ—
ങ്കരതമസ്സു നിറഞ്ഞ ധരിത്രിയിൽ
പരമദീപസമാന മജസ്രമീ—
സ്സരസമാംകൃതി നേർവഴി കാട്ടിടും.

നെറിവുശേമുഷി നീതിവിവേകമൻ—
പറിവുദാരതതൊട്ടഗുണോല്ക്കരം
ചെറിയവർക്കരുളാൻ കവനങ്ങളി—
ത്തറിയിലുള്ളവ മേത്തരമെത്രയും.

കൊടിയ തിന്മകളിൽ പ്രതിപത്തിയാ—
യടിപിഴച്ചു യുവാക്കളനന്തരം
മുടിവുതേടുവതിന്നിടയായിടാ—
പ്പടി തുണച്ചിടുമീവിധമാം കൃതി.

പരഗുണത്തിനു ദീക്ഷവഹിച്ചുമ—
ങ്ങരപെടും കവനങ്ങൾ നിമിത്തവും
ധരയിലേറെ ഗുണങ്ങളുതിർത്തിടാൻ
പരമനീശനനുഗ്രഹമേകണം.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഉപോൽഘാതം.

സോളൊമോൻെറ സുഭാഷിതങ്ങളിൽ ചിലതിനെ പദ്യരൂപത്തിൽ ഇവിടെ പറയുന്നു.

സുഭാഷിതങ്ങളെല്ലാംതന്നെ കാൎയ്യസംപൂൎണ്ണങ്ങളും ജീവിതത്തെ യഥാവിധി നയിക്കുന്നതിനു ഉപയുക്തങ്ങളുമാണ്. സോളൊമോൻേറതാകട്ടെ, അദ്ദേഹത്തിൻെറ അനന്യലബ്ധമായ വിജ്ഞത്വംകൊണ്ടും സൎവ്വോപരി ഈശ്വര നിവേശനത്താൽ അദ്ദേഹം അവയെ പറഞ്ഞിരിക്കുകകൊണ്ടും സന്മാൎഗ്ഗ ജീവിതത്തിനു വിശേഷിച്ചും ഉപയുക്തങ്ങളാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല.

നമുക്കു ധൎമ്മജീവിതത്തിൽ മാൎഗ്ഗദൎശികളായിരിക്കേണ്ട പ്രസ്തുത ദൈവവാക്കുകളെ നിഷ്പ്രയാസം മനസ്സിൽ ഉറപ്പിക്കുന്നതിനും, അവ ശിലാരേഖപോലെ അവിടെ ഉറച്ചു നില്ക്കുന്നതിനും കവിതാരീതി ഉത്തമമായിരിക്കുമെന്നു കരുതുകകൊണ്ടാണ് ഇതിനായി ഉദ്യമിച്ചിട്ടുള്ളത്.

നാനാൎത്ഥങ്ങളും സാരാൎത്ഥങ്ങളും നിറഞ്ഞ ഈ വേദവാക്യങ്ങളെ കഴിയുന്നതും അനുപദമായിത്തന്നെ ഇവിടെ എടുത്തു പറയണമെന്നായിരുന്നു എൻെറ ഉദ്ദേശ്യം. അത് ഒട്ടെല്ലാം സാധിച്ചിട്ടുണ്ടെന്നു വിശ്വസിക്കട്ടെയൊ? ഈ ഉദ്ദേശ്യസിദ്ധിക്കായി ശബ്ദാലങ്കാരാദി ചമൽക്കാരങ്ങളെ പലേടത്തും പരി

www.TheCMSIndia.org

ത്യജിക്കേണ്ടി വന്നിട്ടുണ്ടു്. ദ്വിതീയാക്ഷരപ്രാസത്തിന്റെ സംഗതിയിൽ നിഷ്കൎഷിക്കാഞ്ഞതിന്റെ കാരണവും ഇതുതന്നെ. വേദോക്തങ്ങളെ അൎത്ഥഭംഗംവരുത്താതെ മുഴുവൻ ചുരുങ്ങിയ പദസഞ്ചയത്തിൽ പ്രതിബിംബിപ്പിക്കുന്നതിനു പരിശ്രമിക്കുന്ന ഒരുവന്റെ നില, കരചരണങ്ങൾ ബന്ധിക്കപ്പെട്ട ഒരാളുടേതുതന്നെയാണെന്നു് വിശേഷിച്ചു പറയേണ്ട ആവശ്യമില്ലെന്നു കരുതുന്നു.

സുറിയാനി, ലാററിൻ എന്ന ഇരു ഭാഷകളിലുമുള്ള വിശുദ്ധ ഗ്രന്ഥങ്ങളിൽ ചിലേടത്തെല്ലാം നിസ്സാരങ്ങളായ ചില ഭേദഗതികളുള്ളതാണല്ലൊ. അങ്ങനെയുള്ള സ്ഥലങ്ങളിൽ രചനാസൌഗമ്യത്തെ ഉദ്ദേശിച്ചു് ഏതിനെ ഇവിടെ അനുഗമിച്ചിരിക്കുന്നു എന്നുള്ളതു് അദ്ധ്യായം, വാക്യം ഇതുകളുടെ പിറകെ ചെൎത്തിട്ടുള്ള "P" "V" എന്ന രണ്ടു അക്ഷരങ്ങൾ ലക്ഷീകരിക്കുന്നു. "P" സുറിയാനിയിലുള്ള "പ്ശീത്താ" എന്ന പ്രസിദ്ധ വേദഗ്രന്ഥത്തേയും, "V" ലാററിനിലെ "വുൾഗാത്ത" (Vulgata) എന്ന വിശുദ്ധ ലിഖിതത്തേയുമാണു് നിർദ്ദേശിക്കുന്നതു്.

അൎത്ഥം സുഗമമല്ലാതെയുള്ള സ്ഥലങ്ങളിൽ കൊൎന്നേലിയൂസ്-അ-ലാപിദെ (Cornelius a Lapide) തുടങ്ങിയുള്ള വിഖ്യാതന്മാരുടെ വ്യാഖ്യാനങ്ങളെ ആസ്പദീകരിച്ചു ചില സൂചനങ്ങൾ കൂടി ചെൎത്തിരിക്കുന്നതു്, വേദവാക്യജ്ഞാനം അത്രതന്നെ ഇല്ലാത്തവൎക്കും ബാലന്മാൎക്കും പ്രത്യേകം പ്രയോജകീഭവിക്കുമെന്നു വിശ്വസിക്കുന്നു.

കുടുംബങ്ങളുടെ ഭാവിശ്രേയസ്സും ഭാഗ്യവും ഇന്നത്തെ കുട്ടികളുടെ ഭാവിജീവിതത്തെ ആശ്രയിച്ചിരി

www.TheCMSIndia.org

ക്കുന്നു. ശൈശവംമുതൽ സന്മാൎഗ്ഗതത്വങ്ങളെ അവരുടെ മനസ്സിൽ വിതരണംചെയ്യുമെങ്കിൽ അവരുടെ ഭവിഷ്യജ്ജീവിതം സാന്മാൎഗ്ഗികവും ശോഭനവുമായി ഭവിയ്ക്കും. അതിനാൽ തങ്ങളുടെ സന്താനങ്ങളുടെയും തങ്ങളുടെ തന്നെയും ശ്രേയോഭിവൃദ്ധിയും യഥാൎത്ഥ ഭാഗ്യവും ആഗ്രഹിയ്ക്കുന്നവരെല്ലാം, പരിശുദ്ധാത്മാവിന്റെ ഈ സദുപദേശങ്ങൾ സ്വപുത്രീപുത്രന്മാരുടെ ശ്രവണേന്ദ്രിയങ്ങളിൽ എത്തുപെടുന്നതിനു ഇടയാക്കാതിരിയ്ക്കയില്ലെന്നാണ് എന്റെ ദൃഢമായ വിശ്വാസം.

ഈ പ്രസിദ്ധീകരണംമൂലം ധൎമ്മജീവിതവും അതിൽനിന്ന് ഉളവാകുന്ന ഐഹികവും പാരത്രികവുമായ ക്ഷേമൈശ്വൎയ്യങ്ങളും അല്പമെങ്കിലും വൎദ്ധിയ്ക്കുന്നതിന് ഇടയാകുമെങ്കിൽ എന്റെ പ്രയത്നം സഫലമായി.

ചെത്തിപ്പുഴ ആശ്രമം } ക. നി. മൂ. സ.
൧൯൨൦ നവംബർ ൧. } മാണിക്കത്തനാർ.

www.TheCMSIndia.org

(Blank Page)

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

# സുഭാഷിതങ്ങൾ.

1 പ്രാജ്യപൌരുഷനായുള്ള
സോളൊമോൻെറ സുഭാഷിതം
തിരഞ്ഞെടുത്തു ഞാനേതാൻ
പറഞ്ഞീടുന്നു ഭാഷയായ്.

2 വൃദ്ധന്മാൎക്കറിവേറാനു–
മുണ്ടാവാനും യുവാക്കളിൽ:
സത്യം, നീതി, വിവേകങ്ങ–
ളുദിക്കാനുമിതുത്തമം.

3 താതനാകിയ ദൈവത്തിൻ
സൂനു, മാനുഷ രക്ഷകൻ,
മാനസത്തിൽ വസിക്കട്ടെ–
‘മ്മാനുവേൽ’മമനാമകൻ.

4 സൎവ്വശഭയമാകുന്ന
സുജ്ഞാനത്തിൻ സമുത്ഭവം;
ഭോഷൻ തിരസ്കരിക്കുന്നു
വിജ്ഞാനം ശിക്ഷണങ്ങളും. 1–7.

5 പിതൃശാസനമെൻ പുത്രാ
സ്വീകരിക്കുക സാദരം;
മാതൃവാക്യങ്ങളേയും നീ–
യാദരിക്കുക സൎവ്വദാ. 1–8.

6 ദൈവമാകുന്ന മൎത്ത്യൎക്ക്
വിവേകത്തെക്കൊടുപ്പവൻ;

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അവിടുത്തെ മുഖാബ്ജത്തിൽ
നിന്നാണറിവു ബുദ്ധിയും. 2–6. P.

7 ഗുണികൾക്കു സുതാരക്ഷ
വിരവോടേകുമീശ്വരൻ;
നിർവ്യാജമാനസന്മാൎക്കു
തുണയായുമിരുന്നിടും. 2-7. V.

8 സച്ചിന്ത നിന്നെ മൎത്ത്യനൊ!
കാത്തുകൊള്ളുമനാരതം;
നീതിമാൻെറ വിവേകം നിൻ
രക്ഷയ്ക്കാധാരമായ്വരും. 2–11. P.

9 നന്മ, നീതി, സമാധാന-
മിവനിങ്കൽ വസിയ്ക്കണം;
കഴുത്തിലവ കെട്ടേണം
നെഞ്ചകത്തെഴുതീടണം. 3–3. P.

10 ഇതു ചെയ്യുകിൽ വിജ്ഞൻ നീ,
ദൈവത്തിന്നും മനുഷ്യനും
നിന്മേൽ കരുണയും ക്രുറു-
മുണ്ടാമെന്നു ധരിയ്ക്കുക. 3–4. P.

11 ദൈവത്തിൽ നിൻെറ വിശ്വാസം
സൎവ്വം സ്ഥാപിച്ചുകൊള്ളണം;
സ്വീയമായ വിവേകത്തെ-
യാശ്രയിയ്ക്കേണ്ടൊരിക്കലും. 3– 5.

12 പ്രവൃത്തികളിലെപ്പോഴും
ദൈവത്തെച്ചിന്ത ചെയ്യുക,
അവിടുന്നു ശരിയ്ക്കാക്കും
നിൻെറ കാൽത്തളിരമ്പൊടും. 3– 6.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

13 നിൻെറ ദൃഷ്ടിയിൽ നീതന്നെ
വിജ്ഞനാകേണ്ടതെല്ലമെ;
ഭയപ്പെടുക ദൈവത്തെ-
പ്പാപത്തെ വിട്ടുമാറുക. 3- 7.

14 കൎത്താവു നിന്നെശ്ശിക്ഷിച്ചാൽ
ഹൃത്താർ വാടേണ്ട ലേശവും:
ആരെ സ്നേഹിപ്പു സൎവ്വേശ-
നവന്നേകുന്നു ശിക്ഷയും. 3-11; 12.

15 വിഘ്നമേകേണ്ട സൽകൃത്യം
ചെയ്വാൻ സാധിപ്പവൎക്കു നീ;
സാദ്ധ്യമെങ്കിൽ പ്രവൎത്തിക്ക
നീയും സൽകാൎയ്യമാദരാൽ 3- 27.

16 പണം കയ്യിലിരിക്കുമ്പോ-
“ളിന്നുപോ, വീണ്ടു നാളെവാ,
അപ്പോൾത്തരാം നിനക്കെ”ന്നു
സഖിയോടു കഥിക്കൊലാ. 3-28. P.

17 പാപിതൻ വഴിയിൽക്കൂടി-
പ്പോകവേണ്ടയിബാലക!
അവൻെറ പാതയിൽ തെല്ലും
പ്രീതിയുണ്ടായിടേണ്ടതെ. 4-14. P.

18 അവൻെറ വാസസ്ഥാനത്തെ-
ക്കടന്നും നീ ഗമിക്കൊലാ,
അതിനെ വിട്ടു ദൂരത്തേ-
ക്കകന്നീടുക സത്വരം. 4-15. P.

19 അധൎമ്മമെതാൻ ചെയ്യല്ലാ-
തുറങ്ങുന്നില്ല ദുൎജ്ജനം;

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

പരനെത്തട്ടിവീഴിച്ചേ
നിദ്ര ദുഷ്ടൎക്കു വന്നിടു. 4–16. V.

20 അധമോക്തി വമിക്കുന്ന
വദനത്തെയകററണം;
പരദൂഷണമോതീടു–
മധരത്തെയുമവ്വിധം. 4– 24.

21 സ്വന്തമാം ജലപാത്രത്തിൽ
നിന്നുതന്നെ കുടിക്കു നീ;
നിൻെറ കൂപത്തിലെ വെള്ളം
തന്നേ നിൻപാനമാകണം. 5– 15.

22 മനുഷ്യമാൎഗ്ഗമെന്നാളു–
മീക്ഷിക്കുന്നു ജഗൽപതി;
മനുഷ്യപാദസഞ്ചാരം
നോക്കുമീശ്വരനെപ്പൊഴും. 5–21. V.

23 ദുഷ്ടനെസ്സ്വന്ത ദുഷ്കൃത്യം
പിടിക്കൂടുന്നു സൎവ്വദാ
സ്വന്തമാം പാപപാശത്തിൽ
കുടുങ്ങീടുന്നു ദുൎജ്ജനം. 5– 22.

24 മടിയാ! ചെറുതായുള്ളോ–
രെറുമ്പെച്ചെന്നു നോക്കുക;
അതിൻ ക്രിയകളെ ക്കണ്ടു
വിജ്ഞനായിബ് ഭവിക്കുക. 6–6. V.

25 അതിനില്ലൊരുനേതാവൊ
ഗ്ഗുരുവൊ—നോക്കുകെങ്കിലും
കരുതുന്നാശനോപായം
കൊയിത്തുസമയങ്ങളിൽ. 6–7; 8. V.

www.TheCMSIndia.org

26 ഉറക്കമല്പമല്പം വി–
ശ്രമമല്പമിളക്കുല്യം;
ദരിദ്രതവരും നിങ്കൽ
ധനക്ഷയവുമന്തികെ. 6–10. 11.

27 ഉത്സാഹിച്ചുദ്യമം ചെയ്യാൽ
ഫലമുത്തമമായ്വരും
ദാരിദ്ര്യം നിന്നെ വിട്ടോടും
ദൂരസ്ഥാനത്തു സത്വരം. 6–11. V.

28 ഗൎവ്വം ചേൎന്നുള്ള നേത്രങ്ങൾ,
പൊളിയോതുന്ന ജിഹ്വയും,
നിൎദ്ദോഷിയായ മൎത്യന്റെ
രക്തം ചിന്തുന്ന കൈകളും, 6– 17.

29 നികൃഷ്ട ചിന്തകൾ ചേൎന്നു
വസിക്കും ഹൃദയങ്ങളും,
ദുഷ്കാൎയ്യങ്ങളിലേക്കായി–
ട്ടോടിപ്പോകുന്ന കാൽകളും, 6– 18.

30 പൊളിവാക്കുകളോതുന്ന
ചതിചേൎന്നുള്ള സാക്ഷിയും,
ഭ്രാതാക്കൾ തമ്മിൽ ഭിന്നിപ്പി–
ച്ചീടും മാനുഷനിങ്ങനെ, 6– 19.

31 ഏഴു കാൎയ്യങ്ങളെ ദൈവം
ദ്വേഷിച്ചീടുന്നു മുഖ്യമായ്;
ക്ഷേമം നിനക്കു വൎദ്ധിക്കാ–
നേഴും വൎജ്ജിച്ചുകൊള്ളുക. 6– 16.

(സാന്ദാനിതകം)


www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

32 പ്രമാണം ദീപമാകുന്നു
നിയമം ദീപ്തിയും തഥാ:
ശിക്ഷശാസനമീരണ്ടും
രക്ഷാമാൎഗ്ഗവുമോൎക്കുക. 6–23. P.

33 നരകത്തിൻ വഴി വേശ്യാ-
ഗൃഹത്തിൻ വഴിതന്നെയാം;
മരണത്തിൻറയഭ്യന്തഃ
പുരംവരെയതെത്തിടും. 7–27. P.

34 കറയററ സുവൎണ്ണത്തെ-
ക്കാളും വിജ്ഞാനമുത്തമം;
അത്തരത്നങ്ങളേ വെല്ലു-
മതിനൊന്നും സമം വരാ. 8–11. P.

35 ശാസിക്കു ദുൎജ്ജനത്തെ, വി-
ദ്വേഷിക്കും നിന്നെയാഖലൻ;
ശാസിക്കു വിജ്ഞനെ, നിന്നെ-
സ്നേഹിക്കുമവനെപ്പൊഴും. 9– 8.

36 ഗുണവാനായ മൎത്യന്നാ-
യുപദേശത്തെ നൽകുക.
അതിനെ സ്വീകരിക്കാനാ-
യവൻ സശ്രദ്ധനായിടും. 9–9. V.

37 വിവേകമുള്ള പുത്രൻ തൻ
പിതാവിൻ തോഷകാരണൻ;
ദുഃഖഭാജനമാണമ്മ-
ക്കാത്മജൻ ഭോഷനായവൻ. 10– 1.

38 അധൎമ്മവിത്തം കൊണ്ടേതു-
മുപകാരം ഭവിച്ചിടാ;

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മൃത്യുവിൽനിന്നു രക്ഷിക്കും
നീതി (a) സൎവ്വജനത്തെയും. 10- 2.

39 ദാരിദ്ര്യം നരനെപ്പാരം
താഴത്താക്കുന്നു ബാലക!
ഉത്സാഹമുള്ളബാഹുക്ക—
ളാൎജ്ജിക്കുന്നു ധനം തുലോം. 10-4. P.

40 നീതിമാന്റെ ശിരസ്സിങ്ക—
ലാവസിക്കുമനുഗ്രഹം;
ദുഷ്ടാസ്യമാമനുഷ്യന്റെ
ദുഷ്കൃത്യം മൂടുമോൎക്കുക. 10- 6. P.

41 ഗുണവാനെ സ്മരിക്കുന്നു
പ്രശംസാ പൂൎവ്വമേവരും.
ദുഷ്ടന്റെ നാമമാമൂലം
കെട്ടുപോം സംശയം വിനാ. 10. 7.

42 ദ്വേഷമുല്പന്നമാക്കുന്നു
കലഹങ്ങളെയനേഹം;
ദുഷ്ടമാനുഷരെപ്പെരു—
മവജ്ഞയിൽ മറഞ്ഞുപോം. 10- 12. P.

43 വിജ്ഞാനം സ്ഥിതിചെയ്യുന്നു
ബുധന്റെ യധരങ്ങളിൽ.

---

(a) "നീതി" ഇവിടെ വിസ്താരമായ അൎത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നതു്. ഒരുവനെ നീതിമാനും, ദൈവഭക്തനും, പരിശുദ്ധനുമാക്കുന്ന സൎവ്വസൽഗുണങ്ങളുടെയും കൂട്ടം എന്നു താല്പൎയ്യം. ഇതു ശാരീരികമരണത്തിൽ നിന്നു പലപ്പോഴും ആത്മികമരണത്തിൽനിന്നു എപ്പോഴും രക്ഷിക്കുന്നു.

www.TheCMSIndia.org

മൂഢനുവടികൊണ്ടുള്ള
താഡനം പിൻപുറങ്ങളിൽ. 10– 13. V.

44 ധനിക്കു ധനമാകുന്നു
ബലമേറുന്നകൊത്തളം;
ദരിദ്രനുഭയംതന്റെ
ദരിദ്രതയുമോമനെ! 0– 15. V

45 വിദ്വേഷത്തെ മറെക്കുന്നു
ദുർജ്ജനത്തിന്റെചുണ്ടുകൾ.
ദൂഷിവാക്കുകളോതുന്ന
നരൻ ഭോഷൻ സുനിശ്ചയം. 10– 18.

46 ബഹുവാക്കുകളിൽ പ്പാപ–
മിടചേരാതെവന്നിടാ.
അധരത്തെ നിയന്ത്രിപ്പോൻ
ഗുണപൂർണ്ണതചേർന്നവൻ. 10– 19. V.

47 ദുഷ്ടന്റെ തലയിൽ വീഴു–
മവൻപേടിപ്പതൊക്കെയും.
നീതിമാനാഗ്രഹിക്കുന്ന–
തഖിലംലബ്ധമായ്വരും 10– 24. V.

48 കർത്താവിൻ മാർഗ്ഗമേകംനിഷ്–
കപടന്മാൎക്കു കൈയ്ബലം.
അത്രു താൻ തിന്മചെയ്‌വോൎക്കു
ഭയത്തിന്നുള്ള കാരണം: 10– 29. P.

49 ചതിവുള്ളതുലാസീശ–
സമക്ഷം ഗർഹ്യമെത്രയും.
ശരിയായ ഘനക്കട്ടി–
യവിടെക്കഭിസമ്മതം. 11– 1.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

50 ദൎപ്പമെട്ടിക്കിലട്ടിക്കിൽ
കൂടിപാൎക്കുന്നു നിന്ദയും,
വിനയംകൂടികൊള്ളുന്ന
ദിക്കിൽത്തന്നെ വിവേകവും. 11– 2. V.

51 സജ്ജനത്തിന്റെ യാശിസ്സാൽ (a)
പത്തനം പരിവൃദ്ധമാം;
ദുൎജ്ജനത്തിന്റെ വായാൽ (b) വി–
ധ്വസ്തമായ്വരുമാപുരി. 11– 11.

52 വിശ്വസ്തനായൊരാൾ തന്റെ
മിത്രത്തിൽനിന്നു കേട്ടവ
പുറത്തു പറയാതെന്നും
മറയ്ക്കുന്നു രഹസ്യമായ്. 11–13. V.

53 പന്നിമോന്തയിലിട്ടോരു
സ്വൎണ്ണമോതിരമെവ്വിധം?
ഭംഗിയേറിയ മൂഢസ്ത്രീ–
യവ്വിധം തന്നെ നിശ്ചയം. 11–22.

54 സ്വാൎത്ഥമന്യജനങ്ങൾക്കായ്
പകുക്കുന്നൊട്ടു മാനുഷർ,
അവൎക്കു വിത്തമെന്നാലും
വിവൎദ്ധിക്കുന്നമേല്ക്കുമേൽ. 11– 24.

---

(a) "ആശിസ്സു" സജ്ജനങ്ങളുടെ സദുപദേശങ്ങൾ, ദൃഷ്ടാന്തങ്ങൾ തുടങ്ങിയുള്ളവ. ഇവ മൂലം അജ്ഞന്മാരെ പഠിപ്പിക്കയും, ദുഃഖിതരെ ആശ്വസിപ്പിക്കയും, തെറ്റുചെയ്യുന്നവരെ തിരുത്തുകയും, സകലരേയും നന്മയിലേക്കും ദൈവത്തിങ്കലേക്കും ആനയിക്കയും ചെയ്യുന്നു. – (b) ദുൎജ്ജനങ്ങളുടെ ദുരാലോചന, തൎക്കം, കലഹം, വിപ്ലവങ്ങൾ, വഞ്ചന മുതലായവ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

55 പരദ്രവ്യത്തെയന്യായ—
ത്തരത്തിൽ കീഴ്പെടുത്തിടും
നരന്മാൎക്കഷ്ടികഷ്ടിച്ചും
കഴിക്കാനില്ലൊരിസ്സല്യം. 11– 24.

56 ദുൎഭിക്ഷവേളയിൽധാന്യം
മറെക്കുന്ന മനുഷ്യനെ
അവൻെറ ശത്രുവിൻ കയ്യിൽ
പിടിച്ചേല്പിക്കമേവരും. 11– 26. P.

57 അതു ലോകോപകാരാൎത്ഥം
വില്ക്കും മാനവനാരുവാൻ?
അവൻെറതലയിൽത്തങ്ങു—
മാശിസ്സെന്നു ധരിക്കണം. 11– 26.

58 വിശ്രംഭമാക്കവിത്തത്തി—
ലവൻവീഴുമസംശയം,
ഗുണവാൻ പച്ചിലക്കൊപ്പം
തളിൎത്തുവല്യതായ്വരും. 11– 28.

59 ന്യായമല്ലാതെ തൻഗേഹം
പുലൎത്തുന്നനരാധമൻ
ദീൎഘനിശ്വാസമാകുന്നു (a)
മക്കൾക്കാൎജ്ജിച്ചുവെപ്പതു്. 11–29. P.

60 അലസൻ തനുജന്മാൎക്കാ—
യനിലം (a) വിഭജിച്ചിടും.

---

(a) വായുവിനെ അല്ലാതെ മറ്റു യാതൊന്നും മക്കൾക്ക വിഭജിച്ചുകൊടുക്കുവാൻ ഇല്ലാതെവരും— യാതൊന്നും കൊടുക്കുവാൻ സാധിക്കയില്ല— എന്നു താല്പൎയ്യം.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

ഭോഷനായ നരൻ വിജ്ഞൻ
മൎത്ത്യനെസ്സേവചെയ്തിടും. 11-29. P.

61 ഖണ്ഡനപ്രിയനാർ സൂനൊ!
വിജ്ഞാനപ്രിയ നാനരൻ.
ദുഷ്ടമാനുഷനുൾത്താരി-
ലിഷ്ടമല്ലനു ശാസനം. 12- 1.

62 ദുരാചാരങ്ങൾകൊണ്ടാൎക്കും
സ്ഥിരാവസ്ഥ ഭവിച്ചിടാ;
സജ്ജനത്തിൻെറ മൂലത്തി-
ന്നിളക്കം വന്നുകൂടിടാ. 12–3.

63 ധൈൎയ്യം, ദയാപരം, സത്യം,
സ്ഥൈൎയ്യമീവകയൊക്കെയും
നിറഞ്ഞ ഭാൎയ്യ ഭൎത്താവിൻ
നിറമാൎന്ന കിരീടമാം. 12–4. P.

64 ചിതൽ, ജീൎണ്ണതയീരണ്ടും
തടിയെ നഷ്ടമാക്കിടും;
അതുപോലൊരു ദുർവൃത്ത
പതിയേയും കെടുത്തിടും. 12-4. P.

65 തനിക്കുവേണ്ട കാൎയ്യം നിർ–
വഹിച്ചീടുന്ന നിർദ്ധനൻ
അഷ്ടിക്കു വിഷമിക്കും വി–
ഖ്യാതനെക്കാളുമുത്തമൻ 12–9.

66 ഭോഷൻെറ ദൃഷ്ടിയിൽ സ്വന്ത-
മാൎഗ്ഗം സന്മാൎഗ്ഗമെപ്പൊഴും;
വിജ്ഞനന്യോപദേശങ്ങൾ
കൈക്കൊള്ളുന്നു വിനീതനായ്. 12-15

67 ജളനീർഷ്യ മറക്കാതെ
വെളിക്കാക്കുന്നു തൽക്ഷണം;
ഒളിക്കുമപരാധത്തെ
ബുദ്ധിമത്തുക്കളേവരും. 12–16.

68 എന്തുതന്നെ ഭവിച്ചാലു-
മന്തരംഗത്തിലാമയം
ഒരു സത്തമനുണ്ടാവി-
ല്ലൊരുകാലത്തും ഓർക്കുക. 12–21. V.

69 അസത്യവാദം ചെയ്തീടു-
മോഷ്ഠമീശ്വര ഗർഹിതം.
സത്യം വിടാത്തവൻ ദൈവ-
ത്തൃപ്തിക്കാസ്പദമെപ്പോഴും. 12. 22.

70 ധരിക്കു വീരബാഹുക്കൾ-
ക്കിരിക്കുമധികാരവും;
മടിക്കൂടിയ ബാഹുക്കൾ-
ക്കിടയാം "കിസ്ത" നൽകുവാൻ. 12. 24.

71 ഗുണവാനായ പുത്രൻ തൻ
പിതാവിൻ വാക്കു കേട്ടിടും;
ദുസ്സുതൻ ശാസനത്തെ വി-
ദ്വേഷിക്കുന്നു നിരന്തരം. 13–1. V.

72 വദനത്തെ നിയന്ത്രിപ്പോൻ
സ്വാത്മാവിൻ പരിരക്ഷകൻ,
ഭാഷണം സംയമിക്കാഞ്ഞാൽ
ദോഷം ചെയ്യും തനിക്കുതാൻ. 13–3. p.

73 സ്വസ്ഥവൃത്തിയിലുദ്യുക്തൻ
ദുർവ്വിചാര വശംഗതൻ;

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പണിപ്പെടുന്നവർക്കാത്മാ
തടിച്ചു (a) വലുതായ് വരും. 13–4. p.

74 ഗുണവാൻ കളവായുള്ള
വചനത്തെ വെറുത്തിടും;
ദുഷ്ടൻ കുഴപ്പമുണ്ടാക്കും
കുഴങ്ങുമവനും ദൃഢം. 13–5. V.

75 നീതിസംരക്ഷ ചെയ്യുന്നു
നിഷ്കളങ്ക ജനങ്ങളെ;
പാപിതൻ പാപഭാരത്താൽ
നിലത്തടിപെടുന്നു കേൾ. 13–6.

76 വിജ്ഞസംസർഗ്ഗമാർക്കുണ്ടാ—
മവൻ വിജ്ഞാനിയായ്വരും;
ഭോഷനെപ്പോൽ ഭവിച്ചീടു—
മവൻറെ സഹഗാമിയും. 13–20.

77 ദണ്ഡിൻപ്രയോഗം വർജ്ജിപ്പോ—
ന്നുണ്ണിയെ ദ്വേഷമാത്മജ!
സ്നേഹിക്കുമവനെയെങ്കിൽ
ശാസിക്കും ജാഗ്രൂകനായ്. 13–24. p.

78 വിവേകവതി ഗേഹത്തെ—
പ്പണിയും; മൂഢയായവൾ

---

(a) ഉത്സാഹശീലന്മാർ ധനവും, വിജ്ഞാനവും, സൽഗുണങ്ങളും സമ്പാദിക്കുവാൻ ആഗ്രഹിക്കുമ്പോൾ വൃഥാ കാലം കളയാതെ അതിനായി ശ്രമം ചെയ്തു അവയെ സമ്പാദിക്കുക കൊണ്ടു് അവരുടെ ആത്മാവു് പ്രസ്തുത നന്മകളാൽ നിറയുകയും സംതൃപ്തി പ്രാപിക്കയും ചെയ്യുന്നു എന്നർത്ഥം.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഇരിക്കും പുരയെക്കൂടി
നിരത്തും സ്വന്ത കൈയ്കളാൽ 14–1.

79 ചിരിയും ദുഃഖവും തമ്മിൽ
പിരിയാറില്ലൊരിക്കലും;
സന്തോഷമവസാനത്തിൽ
സന്താപത്തിൽ ലയിച്ചുപോം. 14–13. V.

80 ശുദ്ധൻ കേൾക്കുന്ന വാക്കെല്ലാം
വിശ്വസിക്കുന്നു പൂർണ്ണമായ്;
വിവേകി ഗുണദോഷങ്ങൾ
വിവേചിക്കുന്നു സർവ്വദാ. 14–15. P.

81 പശ്ചാലോചനചെയ്യുന്നി–
ല്ലക്ഷമൻ സ്വപ്രവൃത്തികൾ;
വിവേകി തന്റെ കൃത്യങ്ങ–
ളശേഷം ചിന്തചെയ്തിടും. 14–17. P.

82 ദുർജ്ജനം സജ്ജനത്തിന്റെ
മുമ്പിൽ വീഴും ന സംശയം;
നീതിമാന്റെ ഗൃഹദ്വാരേ
ദുഷ്ടന്മാരാപതിച്ചുപോം. 14–19. V.

83 അടുത്തവീട്ടുകാരർക്കും
ദരിദ്രൻ നിന്ദ്യനെത്രയും;
പണമുള്ള ജനങ്ങൾക്കു
തുണയാളുമസംഖ്യമാം. 14–20.

84 അയൽക്കാരനെ നിന്ദിപ്പോ–
നഘം ചെയ്യുന്നു നിശ്ചയം.
ദരിദ്രനു ദയാകൃത്യം
ചെയ്വോന്നാശിസ്സു വന്നിടും. 14–21.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



85 പ്രജാബാഹുല്യമാകുന്നു
നൃപന്റെ മഹിമാസ്പദം;
ജനസംഖ്യക്കുറവിനാ—
ലുടയും ഭൂമിപാലനും. 14–28. p.

86 ക്രോധാഗ്നിയെ നിയന്ത്രിപ്പോ—
നാത്മഹൃദ്രോഗഹാരിതാൻ.
അസൂയയസ്ഥികൾക്കുള്ള
ചിതലാകുന്നു ബാലക! 14–30. p.

87 ദരിദ്രനെ വലക്കുന്ന
മനുഷ്യാധമനേവനും
അവന്റെനാഥനെപ്പാരം
കോപിപ്പിക്കുന്നു നിശ്ചയം. 14–31.

88 അനുകമ്പ ജനിക്കുന്ന—
താക്കാണർത്ഥവിഹീനനിൽ
അവന്റെ സൃഷ്ടികർത്താവെ—
ത്തന്നേ മാനിക്കുമാനരൻ. 14–31.

89 നീതിജാതികളെപ്പാര—
മുയർത്തും സംശയംവിനാ.
അധർമ്മമവയെത്താഴെ—
ക്കിറക്കും ഭേദമെന്നിയെ. 14=34. p.

90 ശാന്തവാക്കുഗ്രകോപത്തെ—
ശ്ശമിപ്പിക്കുന്നു നിശ്ചയം;
രൂക്ഷവാക്കീർഷ്യയെ വേഗ—
മത്യുച്ചത്തിലുയർത്തിടും. 15–1.

91 ഗുണവാൻ ദോഷിയീരണ്ടു—
ഗണമായ ജനങ്ങളെ

www.TheCMSIndia.org

സൎവ്വത്ര പാൎത്തിരിക്കുന്നു
സൎവ്വനാഥന്റെ കണ്ണുകൾ. 15–3.

92 പിതാവിൻ ശിക്ഷണം ഭോഷ–
ന്നപഹാസത്തിനാസ്പദം.
ശാസനം സ്വീകരിക്കുന്ന
പുത്രൻ സത്തമനായ്വരും. 15–5.

93 ദുഷ്ടന്റെബലി ദൈവത്തി–
ന്നിഷ്ടമല്ലൊരു നാളിലും;
നീതിമാന്റെ ജപം ദൈവ–
ദൃഷ്ടിക്കാനന്ദദായകം. 15–8.

94 സന്തോഷ ഹൃദയം സൎവ്വ–
ഗാത്രശോഭാവഹം ദൃഢം;
മനഃപീഡ ജനിപ്പിക്കും
മനുഷ്യാത്മാവിലാമയം. 15–13. P.

95 ശിക്ഷണത്തിനെ വാഞ്ഛിക്കു–
മെപ്പോഴും വിജ്ഞമാനസം;
മൂഢന്റെ വദനത്തിന്നു
മൌഢ്യമേഹിതഭക്ഷണം. 15=14. V.

96 ദരിദ്രദിനമെപ്പോരു–
മനൎത്ഥപരിപൂരിതം,
മധുതുല്യം മനസ്സെന്നു–
മിരിക്കുന്നിതു ശാന്തമായ്. 15–15. P.

97 അതിരററധനം ദുഷ്ട–
നരനുണ്ടാവതിൽഗ് ഗുണം
ദൈവഭീയുള്ള മൎത്ത്യന്റെ
ചുരുങ്ങിയധനം ദൃഢം. I5–16. P.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

98 സസ്യാശനത്തിനായ് പ്രീത്യാ
ക്ഷണിതാവായ് ഭവിപ്പത്
മാംസഭുക്തിയിൽ വിദ്വേഷാൽ
ക്ഷണിതാവാവതിൽ ഗ്ഗുണം. 15–17.

99 ക്ഷോഭമുല്പന്നമാക്കുന്നു
കോപശീലനനാരതം,
അത്രസംജാതമാം മുമ്പേ
ശമിപ്പിക്കുന്നു സക്ഷമൻ. 15–18. P.

100 മന്ദൻ പോകുന്ന മാർഗ്ഗങ്ങൾ
മുള്ളുകൊണ്ടു നിറഞ്ഞതാം,
നീതിമാൻ സഞ്ചരിച്ചീടും
മാർഗ്ഗം മാർദ്ദവയുക്തമാം. 15–19.

101 താതനെബ് ബുദ്ധിമാൻ പുത്രൻ
തുഷ്ടമാനസനാക്കിടും;
പെററമാതാവിനാക്ഷേപ-
കാരണം മൂഢനാത്മജൻ. 15–20. P.

102 മൂഢന്നു മൌഢ്യമുല്ലാസ-
പ്രദമാകുന്നു. വിസ്മയം!
ബുധൻവഴി വളക്കാതെ
നേരെ വക്കുന്നു കാലുകൾ. 15–21. V.

103 പശ്ചാലോചനയില്ലാത്ത
സൂത്രപാഠകൾ നിഷ്ഫലം;
പലരൊത്തു നിനച്ചാകി-
ലവസംസ്ഥാപിതങ്ങളാം. 15–22. V.

104 സ്വാനനത്തിൻെറ വാക്യത്തി-
ലാനന്ദിക്കുന്നു മാനവൻ;

www.TheCMSIndia.org

യഥാകാല പ്രകഥിതം
വചനം പരമോത്തമം. 15_23.

105 ദുൎവ്വിചാരങ്ങളെല്ലാരും
ഗൎഹ്യമീശപര സന്നിധൌ;
മധുവോലുന്ന വാക്യങ്ങൾ
ശുചിയായുമിരിപ്പതാം. 15-26. P.

106 സൎവ്വേശൻ സ്ഥിതിചെയ്യുന്നു
ദുഷ്ടരിൽനിന്നു ദൂരവെ,
അവിടുന്നറ്റു കേൾക്കുന്നു
നീതിമാന്റെ ജപങ്ങളെ. 15-29.

107 താനേതന്നെ വെറുക്കുന്നു
ശിക്ഷണത്തെ ത്യജിപ്പവൻ;
ശാസനം സ്വീകരിപ്പോൎക്കു
വിജ്ഞാനം ലബ്ധമായ്വരും. 15-32. P.

108 ജഗദീശഭയം സൂനോ!
നിത്യജീവപ്രബോധനം,
വിനീതനെത്തും ദിക്കെല്ലാം
യശസ്സെത്തുന്നു മുന്നമെ. 15-33. P.

109 ഗൎവ്വിഷ്ഠനേവനും ദൈവ-
ദൃഷ്ടിയിൽ ഗൎഹ്യനെത്രയും
ഇരുപാണികൾ ചേൎത്താലു- (a)
മൊരു നിൎദ്ദോഷിയല്ലവൻ. 16_5. V.

---

(a) ഇരു കൈകളും കൂട്ടിതേച്ചാലും, കഴുകിയാലും, തുടച്ചാലും, പാണികൾ തമ്മിൽ ചേൎത്തു കൂപ്പിയാലും ഇതൊന്നുകൊണ്ടും അവൻ പരിശുദ്ധനാകയില്ല; ദൈവത്താൽ ശിക്ഷിക്കപ്പെടാതിരിക്കയുമില്ല.

www.TheCMSIndia.org

110 ആരംഭിക്കുന്ന സന്മാർഗ്ഗം
നീതിക്രിയയിലെപ്പൊഴും,
അതുതന്നെ ബലികളെ–
ക്കാളുമീശ്വരനീഹിതം. 16–5. V.

111 പാപങ്ങളെ ഹനിക്കുന്ന
നന്മയും നീതിയും സദാ,
ഒഴിഞ്ഞുമാറുമെല്ലാരും
പാപത്തെ ദൈവഭീതിയാൽ. 16–6. P.

112 മനുഷ്യവഴികൾദൈവ–
ഹിതത്തിന്നൊക്കുമെങ്കിലൊ
അവിടുന്നു ഭവിപ്പിക്കും
ശത്രുവെക്കൂടി മിത്രമായ്. 16–7. V.

113 ന്യായമല്ലാതെയൊട്ടേറ–
മായമുണ്ടാവതിൽപ്പരം
ന്യായാനുസാരമായല്പ–
മായലാഭം മഹത്തരം. 16–8.

114 മനുഷ്യമാനസം ചിന്തി–
ച്ചുറപ്പിക്കുന്നു പാതയെ;
അവന്റെ കാൽകളെ ദൈവം
ശരിക്കാക്കുന്നു സന്തതം. 16. 9. P.

115 സ്വർണ്ണാപരിഷ്ടം വിജ്ഞാന–
മതിനേ ലബ്ധമാക്കുക;
രജതത്തിലുൽകൃഷ്ടം
വിവേകമതു നേടുക. 16–16.

116 അധർമ്മം വിട്ടു ദൂരത്താം
നീതിമാന്മാർക്കു പദ്ധതി

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

സ്വാത്മരക്ഷയിലാസക്തൻ
സൂക്ഷിക്കും സ്വന്ത പാഥയെ. 16–17.

117 നാശത്തിൻ പൂൎവ്വഭാഗത്തു
ഗൎവ്വം പോകുന്നു സൎവ്വദാ
അഹമ്മതി മുഴക്കുന്നു
വീഴ്ച്ചയൊട്ടൊട്ടടുക്കയിൽ. 16–18. V.

118 മഹത്തരങ്ങളായുള്ള
വിജ്ഞാനങ്ങളശേഷവും
മധുഭാഷണശീലന്മാ–
രായവൎക്കു ലഭിച്ചിടും. 16–21. P.

119 വിജ്ഞചിത്തമവന്നുള്ള
വദനത്തെ നടത്തിടും;
അവൻെറ ചുണ്ടുകൾക്കോമൽ–
ശ്രീയുമേററം വളൎത്തിടും. 16–23. V.

120 മധുകോശസമം വിജ്ഞ–
വചനംപ്രേമനന്ദന!
സുരസപ്രദമാത്മാവി–
ന്നസ്ഥികൾക്കും സുഖാവഹം. 16–24. P.

121 വശീകരിക്കും മിത്രത്തെ–
ദ്ദുഷ്ടനായൊരു മാനുഷൻ
അധൎമ്മപാഥയിൽക്കൂടി–
ക്കൊണ്ടുപോകുമനന്തരം. 16–29.

122 നീതിതൻ പാഥകൾക്കുള്ളിൽ
സ്ഥിതിചെയ്യുന്നുവെങ്കിലൊ
മഹത്വമുടിയാകുന്നു
വാൎദ്ധ്കാവസ്ഥ മൽസുത! 16–31. V.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

123 ക്ഷമയുള്ളവനോടേതു=
യോദ്ധാവും സമനായിടാ;
നഗരങ്ങൾ പിടിക്കുന്നോൻ
ജിതാത്മാവോടുമൊത്തിടാ. 16–32.

124 വീടുമുററും ബലിദ്രവ്യം (a)
വിവാദാസ്പദമെങ്കിലൊ
ഉണക്കയപ്പം സ്വാസ്ഥ്യത്തിൽ
ലഭിച്ചീടുന്നതാം ഹിതം 17_1. P.

125 വിവേകമുള്ള ഭൃത്യന്മാർ
ഭരിക്കും മൂഢപുത്രരെ;
അവർ പൈതൃക വിത്തത്തെ
ഭ്രാതൃമദ്ധ്യേ പകുത്തിടും (b) 17–2.

126 തീയാൽ വെള്ളി പരീക്ഷിക്കും
മൂശയാൽ കാഞ്ചനത്തേയും
ജഗൽപതിമനുഷ്യൻെറ
ഹൃദയത്തെയുമവ്വിധം. 17_3.

---

(a) "ബലിദ്രവ്യം" മാംസാദികളായി മുഖ്യമായുള്ള ഭക്ഷണസാധനങ്ങളെ നിർദ്ദേശിക്കുന്നു. ഈ വിധ വസ്തുക്കളെയാണു് ദൈവത്തിന്നു ബലിയായി സമർപ്പിച്ചിരുന്നതു്. ബലി വസ്തുവിൻെറ സമർപ്പണവും രൂപാന്തരീകരണവും (Immolation) കഴിഞ്ഞു അതിനെ ബലികഴിക്കുന്നവർ തന്നെ ഭക്ഷിക്കയും ബലി വിശുദ്ധവും കേമമവുമായ ഒരു വിരുന്നുകൊണ്ടു അവസാനിക്കയും ചെയ്കയായിരുന്നു പതിവു്.

(b) ബുദ്ധിമാനായ ഭൃത്യനെ 'യജമാനൻ' തൻെറ മക്കളുടെ കാര്യാന്വേഷകനും സംരക്ഷകനുമായി നിയമിക്കുകൊണ്ടു പിതൃധനത്തെ അവൻ സ്വാമീപുത്രന്മാർക്കു വി



www.TheCMSIndia.org

127 ഉപദ്രവം മറക്കുന്നു
സഖിതാൎത്ഥികളേവരും;
അതുപേൎത്തുരചെയ്വോനെ–
പ്പിരിയും ബന്ധുലോകവും. 17–9. V.

128 ശതപ്രഹാരംകൊണ്ടെന്തു
ഗ്ഗുണംഭോഷനിൽ വന്നിടും?
അതിൽപരം ഫലം ചെയ്യും
ശാസനൈകം വിവേകിയിൽ. 17–10. V.

129 കുട്ടിനഷ്ടീഭവിച്ചോരു
കരടിക്കെതിർപ്പെട്ടിടാം;
മൂഢതാലംബിതൻ ഭോഷൻ
പോകുംമാൎഗ്ഗേ ഗമിച്ചിടാ. 17–12. V.

130 ഉപകാരത്തിനാർചെയ്യു–
മപകാരം പ്രതിക്രിയ?
അവൻെറ വാസസ്ഥാനം വി–
ട്ടകലുന്നില്ല തിന്മകൾ. 17–13.

131 ചിറവെട്ടി മുറിക്കുമ്പോൾ
ജലം പായുന്നതെങ്ങനെ?
അതുപോലെ, ധരിക്കേണം
കലഹത്തിനുമുത്ഭവം. 17–14. V.

132 ദോഷിയെഗ് ഗുണവാനെന്നും
ഗുണവാൻ ദോഷിയെന്നുമായ്

---

ഭജിച്ചുകൊടുക്കയൊ ഒരു അവകാശിയായി അദ്ദേഹത്താൽ സ്വീകരിക്കപ്പെട്ടിട്ടു അവരോടുകൂടി അതിനെ വിഭജിച്ചു എടുക്കയൊ ചെയ്യുമെന്നൎത്ഥം.

www.TheCMSIndia.org

വരുത്തുമിരുപേരേയും
ശപിക്കുന്നു ജഗൽ പതി. 17–15. V.

133 പണമേറെയിരുന്നാലും
ഗുണമെന്തൊന്നു ഭോഷനു?
വിലക്കുതെല്ലും വിജ്ഞാനം
ലഭിക്കുന്നില്ല നിശ്ചയം. 17–16. V.

134 സ്നേഹിക്കുന്നു സദാബന്ധു
ശുഭത്തിലശുഭത്തിലും;
ഭ്രാതാവാരെന്നു സുസ്പഷ്ടീ–
കൃതമാം വിഷമങ്ങളിൽ. 17–17. V.

135 ഭോഷനാത്മാവമാനത്തി–
ന്നായിട്ടുകൊണ്ടു ഭവിച്ചവൻ.
അവനിൽ തോഷമുണ്ടാവി–
ല്ലവന്റെ ജനിതാവിനും. 17–21. V.

136 ഗാത്രശോഭവളത്തുന്നു
തുഷ്ടമായുള്ള മാനസം.
വിഷാദമഗ്നമാം ചിത്തം
ശുഷ്കമാക്കീടുമസ്ഥിയെ. 17–22. P.

137 ഭോഷന്റെ വദനം സ്വന്ത–
നാശത്തിന്നുള്ള കാരണം.
അവന്റെ ചുണ്ടുകൾ മൂല–
മുണ്ടാമാത്മ വിനാശനം. 18–7. V.

138 ദുഷ്യാത്മഭാഷിതൻ വാക്യം
നിർദ്ദോഷം കേൾവിയിൽ സുതാ!
കുടലിന്നുള്ളിലും ചെന്നു
പററുമാവാക്കു മെല്ലവെ. 18–8. V.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

139 നാശകാലമടുക്കുമ്പോ—
ളാശയേ ഗർവ്വമേറിടും;
യശഃപ്രാപ്തിക്കുമുമ്പായി—
ബ് ഭവിക്കും താഴ്മയേററവും. 18–12.

140 ശ്രവിപ്പതിന്നു മുമ്പായി—
ട്ടുത്തരം പറയുന്നവൻ
ജളനാകുന്നു താനെന്നു
തെളിവാക്കുന്നു നിശ്ചയം. 18–13.

141 ദാനം വിസ്തൃതമാക്കുന്നു
ദാതാവിൻ പാഥയെത്തുലോം;
അത്തുരാജ സമക്ഷത്തി—
ലവന്നേകുന്നു പീഠവും. 18–16.

142 മുന്നമേതന്നിലാരോപി—
ക്കുന്നു കുററങ്ങളുത്തമൻ
ബലിഷ്ഠപുരിയോടൊക്കും
ഭ്രാതാഭ്രാതാവിനാൽ ധൃതൻ. 18–17. 19.

143 ജിഹ്വാധീനങ്ങളാകുന്നു
ജീവനും മൃത്യുവും സുതാ!
അതിലാസക്തിയാക്കുണ്ടാ—
മവൻതിന്നുമതിൻഫലം. 18–21.

144 ഗുണലേശം ഭവിക്കുന്നി—
ല്ലാത്മജ്ഞാനവിഹീനനിൽ.
പാദം തട്ടും പലേടത്തും
സൂക്ഷ്മമില്ലാതെ വെക്കുകിൽ. 1೪–2. V.

145 ശക്തനെസ്സേവചെയ്യുന്ന
ഭക്തലോകമസംഖ്യമാം;

www.TheCMSIndia.org

ദാനപ്രദായകന്മാരെ-
സ്നേഹിക്കുമധികം ജനം. 19–6. V.

146 വിജ്ഞാനത്തെയളക്കുന്ന
മാനദണ്ഡം സഹിഷ്ണുത;
അപകാരത്തെ നോക്കാതെ-
യനുഷ്ഠിപ്പതു വിശ്രുതി. 19–11. V.

147 കോപിഷ്ഠയായ് പുലമ്പുന്ന
ഭാര്യ, കേൾക്കുക മൽസുത!
ചോർച്ചമാറാതെയുള്ളൊരു
മേൽപ്പുരക്കു സമാനയാം. 19–13. V.

148 പിതൃസ്വത്തായ് ലഭിക്കുന്ന
ധനം, ഭവനമീവക.
വിവേകമതിയാം പത്നി
ദൈവത്തിൽനിന്നു തന്നെയാം. 19–14. V.

149 ദീനാനുകമ്പൻ ദൈവത്തി-
ന്നൃണമേകുന്നു ബാലക!
അവിടുന്നതിനേ വീണ്ടും
കൊടുക്കും സംശയം വിനാ. 19–17. V.

150 ബഹു ചിന്തകൾ മർത്ത്യന്റെ
ഹൃദയേ കുടികൊണ്ടിടും;
സർവ്വേശഹിതമെപ്പോഴും
സ്ഥിരമായുമിരുന്നിടും. 19–21.

151 പിതൃപീഡനവും മാതൃ-
ദ്രോഹവും ചെയ്തിടുന്നവൻ
അവമാനാർഹനാകുന്നു
മന്ദഭാഗ്യനുമാണവൻ. 19–26. V.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

152 ഭോഗവസ്തു സുതാ!മദ്യ—
മുന്മാദം ക്ഷോഭഹേതുകം
അതിലാമോദമുണ്ടാകു—
ന്നവൻ വിജ്ഞാനിയായ്‌വരാ. 20–1. V.

153 വിവാദത്തെത്ത്യജിക്കുന്ന—
താണു മർത്ത്യന്നു വിശ്രുതി;
അവമാനങ്ങളിൽ ചെന്നി—
ട്ടിടയും മൂഢരൊക്കെയും. 20–3. V.

154 നിഷ്കാപട്യേനവർത്തിക്കും
ഗുണവാനായ മാനുഷൻ
തനിക്കു പിമ്പിൽ സ്ഥാപിക്കും
ഭാഗ്യസംപൂർണ്ണ പുത്രരെ. 20–7.

155 'ശുദ്ധമാകുന്നു നീ നിങ്കൽ
കുററമില്ലല്ലമെങ്കിലും'
ഇതി സ്വഹൃദയത്തോടു
കഥിപ്പാൻ ശക്തനാരുവാൻ? 20–9. P.

156 വ്യത്യാസം തൂക്കമളവും
ജഗന്നായകദൃഷ്ടിയിൽ
നിഷിദ്ധമെന്നു നന്നായി—
ദ്ധരിച്ചീടുക ബാലക! 20–10.

157 ഇതു നന്നല്ലിതും നന്ന—
ല്ലിതിക്രേതാക്കൾ ചൊല്ലിടും;
ക്രയംകഴിഞ്ഞു മാറുമ്പോൾ
ഹടി! ഭേഷ് എന്നുമോതിടും. 20–14. V.

www.TheCMSIndia.org

158 വ്യാജാപൂപങ്ങ(a)ളെപ്പേരു-
മിനിയ്ക്കും പരമാദിയിൽ
അതഃപരം നിറച്ചീടും
കല്ലാലാനനമാകവെ. 20–17.

159 പിതാക്കളെശ്ശപിയ്ക്കുന്ന
ദുൎന്നരന്നുള്ള ദീപിക (b)
തമസ്സമ്മൂഢഘട്ടത്തിൽ
ജ്വലിയ്ക്കില്ല, പൊലിഞ്ഞുപോം. 20–20.

160 ദയയും സത്യവും രക്ഷ-
ചെയ്യുന്ന ഭൂമിപാലനെ;
രാജപീഠത്തിനെപ്പാര-
മുറപ്പിയ്ക്കുമനുഗ്രഹം. 20–28. V.

161 സ്വകീയശക്തിയാകുന്നു
യുവാവിന്നുള്ള വൈഭവം.
വയോവൃദ്ധത വൃദ്ധന്റെ
ശോഭയെന്നും ധരിയ്ക്കണം. 20–29.

---

(a) മാവിൽ ചെറിയ ചെറിയ കല്ലുകളും മണൽത്തരികളും ചേൎത്തുണ്ടാക്കിയ അപ്പം. ഇതു കാഴ്ചയിൽ നന്നു തന്നെയെങ്കിലും ഭക്ഷിയ്ക്കുമ്പോൾ വായിൽ കല്ലും മണ്ണും നിറയുകയും പല്ലുകളെ വേദനപ്പെടുത്തുകയും ചെയ്യും.

(b) 'ദീപിക'— യശസ്സു, മഹത്വം, വിവേകം, വിജ്ഞാനം, പുത്രപൌത്രാദികൾ, ഇത്യാദി. യാതൊരുത്തൻ എത്ര തന്നെ പ്രഖ്യാതനായിരുന്നാലും സ്വന്ത മാതാപിതാക്കന്മാരെ ദ്രോഹിയ്ക്കുകയും ശപിയ്ക്കുകയും ചെയ്യുന്നെങ്കിൽ, ഇതുകൊണ്ടുതന്നെ അവന്റെ പ്രതാപം കെട്ടുപോകയും അവൻ ആക്ഷേപതിമിരപടലത്തിൽ മറഞ്ഞുപോകയും ചെയ്യുമെന്നു താല്പൎയ്യം.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

162 നിനയ്ക്കുന്ന നരൻ തന്റെ
വഴിയ്ക്കില്ലെന്നു വക്രത.
ദാർഢ്യമേകുന്നു സർവ്വേശൻ
ഹൃദയത്തിന്നു സന്തതം. 21–2. P.

163 ബലിയെക്കാൾ ജഗന്നാഥ–
ദൃഷ്ടിയിൽ കൗതുകാവഹം
ദയയും നീതിയും ചെയ്ക–
തന്നെയെന്നു ധരിക്കുക. 21–3. V.

164 കലഹക്കാരിയോടൊത്തു
വസിക്കുന്നതിലുത്തമം
തട്ടിൻപുറത്തു കോണിൽപോ–
യിരിക്കുന്നതുതന്നെയാം. 21–9. P.

165 ഖലന്റെ ചതിയാൽ ജ്ഞാന–
മുളവാകുന്നു ശുദ്ധനു
മതിമാൻ മനസാ ചിന്തി–
ച്ചറിയും കാര്യമാകവെ. 21–11. P.

166 ദരിദ്രരോദനം കേൾക്കാ–
തിരിക്കാൻ ചെവി പൊത്തുകിൽ
അവനും കരയും ദൈവ–
മതു കേൾക്കാതെയും വരും. 21–13. P.

167 മദ്യത്തിലിഷ്ടമുല്ലാസ–
പ്രിയം ഭോഗേച്ഛയെന്നിവ
കലൎന്നബുദ്ധിഹീനന്മാ–
ൎക്കുണ്ടാവില്ല ധനോദയം. 21–17. P.

168 ക്ഷോഭവും, പരരിൽ കോപ–
ശീലവും വിളയിച്ചിടും

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കാന്തയെ വിട്ടു കാന്താര–
വാസമാണധികം സുഖം. 21–19. P.

169 ദയയും നീതിയും സാക്ഷാൽ
സംരക്ഷിക്കുന്നതാരുവാൻ?
അവന്നലബ്ധമായുസ്സും,
നീതിയും, സൽപ്രതാപവും. (a) 21–21.

170 ഓഷ്ഠജിഹ്വകളെ ബ് ബാലാ!
കോട്ടമില്ലാതെ കാപ്പവൻ
അരിഷ്ടമുളവാകാതെ
സുരക്ഷിക്കുന്നു ജീവനെ. 21–23.

171 ആയോധനത്തിനശ്വത്തെ-
ത്തയാറാക്കുന്നു മാനുഷൻ;
പരിരക്ഷ ഭവിപ്പിക്കു–
ന്നതു ലോകൈക നായകൻ. 21–31.

172 സംഖ്യാതീതധനത്തേക്കാൾ
സുഖ്യാതിയുപരിഷ്ടിതം;
സ്വർണ്ണവെള്ളികളെക്കാളും
കാരുണ്യംപാരമുത്തമം. 22–1.

173 ധനി, നിർദ്ധനനീരണ്ടാ–
ളൊരുമിക്കുന്ന പാതയിൽ:
ഇരുപേരെയുമുണ്ടാക്കി–
യതു ലോകൈക നായകൻ. 22–2.

---

(a) 'നീതി' പൂർവ്വാർദ്ധത്തിൽ ഒരുത്തൻ അന്യന്മാരുടെ നേരെ ചെയ്യേണ്ട നീതികൃത്യങ്ങളെയും,— ഉത്തരാർദ്ധത്തിൽ അന്യന്മാർ അവനോടു ചെയ്യേണ്ട നീതികൃത്യങ്ങളേയും കാണിക്കുന്നു.

www.TheCMSIndia.org

174 ഖലൻ പ്രഹരമേററീടു—
ന്നതു കാണുന്ന ബുദ്ധിമാൻ
തനിയ്ക്കുത്യധികം ശിക്ഷ
ലഭിച്ചാലെന്നപോൽ ഫലം. 22–3. P.

175 സരണീമുഖദേശത്തിൽ (a)
സ്സുതനെശ്ശിക്ഷചെയ്യുക.
വൃദ്ധനായാലുമാമാർഗ്ഗം
വിട്ടുമാറില്ല തെല്ലുമേ. 22–6. P.

---

(a) ധർമ്മത്തിന്റെയും അധർമ്മത്തിന്റേയും ഇങ്ങനെ രണ്ടു മാർഗ്ഗങ്ങളാണുള്ളതു്. കുട്ടികൾ ധർമ്മാധർമ്മങ്ങളെ തിരിച്ചറിയാറാകുമ്പോൾ ഇതിൽ ഏതിലേയ്ക്കെങ്കിലും തിരിയും. അതിനാൽ ധർമ്മാധർമ്മങ്ങൾ വേർതിരിയുന്ന സ്ഥലത്തു– എന്നുവെച്ചാൽ നന്മതിന്മകളെ വിവേചിച്ചറിയുവാൻ കുട്ടികൾ പ്രാപ്തരായിത്തുടങ്ങുന്ന സമയം– അവരെ ശരിയായി നയിയ്ക്കണം. — ‘സരണീമുഖം’ പ്രവേശമെന്നും അർത്ഥമാക്കാം. ബുദ്ധിവിവേചന ആരംഭിയ്ക്കുമ്പോഴാണ് കുട്ടികളുടെ ബുദ്ധിയിലേയ്ക്കു പ്രവേശം ലഭിക്കുന്നതു്. അതിനാൽ ഈ പ്രവേശനത്തിന്റെ മുഖദേശത്തു്, അതായതു് ആരംഭത്തിൽ, കുട്ടികളെ വേണ്ടവിധം നടത്തണം. ചെറുപ്പത്തിൽ പരിശീലിച്ച മാർഗ്ഗം ഏതോ അതിൽ സാമാന്യേന അവസാനംവരെ നിലനിൽക്കുന്നു, അതിനാലാണ് ലാററിൻപ്രതിയിൽ:—

സ്വേച്ഛാനുസാരമായെത്തും
ശീലിച്ചിട്ടുള്ള ബാലകൻ
വൃദ്ധനായാലുമാമാർഗ്ഗം
വിട്ടുമാറില്ലതെല്ലുമേ— എന്ന ഈ വാക്യംതന്നെ പ്രഥമ ദൃഷ്ടിയിൽ അല്പം വ്യത്യാസപ്പെട്ടുകാണുന്നതു്.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

176 പണമാരു ഭയത്തിന്നു
കിങ്കരന്നേകി മുന്നമേ
അവന്നു പിന്നെയാഭൃത്യൻ
കൊടുക്കമുഭയത്തിനു. 22–7. P.

177 അധൎമ്മബീജാവാപത്തെ–
ച്ചെയ്യും ധികാരിയായവൻ
ദുഷ്ഫലം വിളവായ് കൊയ്യും
നിശ്ചയംതന്നെ മൽസുതാ! 22–8

178 ജയവും മാനവും ദാനം
ചെയ്യുന്നവന്നു കൈവരും;
അതുകൈക്കൊണ്ട മൎത്ത്യന്റെ
പ്രാണനും ഹൃതമായ്വരും. 22–9. V.

179 ദുഷ്ടനെ ഭ്രംശനം ചെയ്യു
തൎക്കവും സഹഗാമിയാം;
കലഹങ്ങളമൎന്നീടും
ദുഷിവാക്കമിളച്ചുപോം. 22–10. V.

180 പറഞ്ഞയയ്ക്കാൻ ഭാവിച്ചാൽ
പറയും മന്ദനീവിധം:
"വഴിയിൽ സിംഹമെൻ പൊന്നേ!
തെരുവിൽ കൊലപാതകം." 22–13. P.

181 ബാലന്റെ ഹൃദയത്തോടു
ജളത്വമനുബന്ധിതം;
അതു:ശിക്ഷണവേത്രത്താൽ
വെളിയ്ക്കോടിച്ചു നീക്കിടാം. 22–15. V.

182 ദരിദ്രനെപ്പഴിച്ചിട്ടു
സ്വായംവിത്തം വളൎത്തവൻ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

തന്റേതതി ധനിക്കേകും
പട്ടിണിക്കുമധീനനാം. 22–16. V.

183 ദരിദ്രനെന്നു ചിന്തിച്ചു
ഞെരുക്കൊല്ല ദരിദ്രനെ;
അവനെപ്പടിവാതുക്കൽ
ഞെരിച്ചും നീ കടക്കൊലാ. 22–22. V.

184 കാരണം കേളവന്നുള്ള
കാര്യമീശൻ വിധിച്ചിടും;
അവന്റെ പീഡകന്മാൎക്കു
ചെയ്തീടും പ്രതികാരവും. 22–23. P.

185 കോപശീലമിയന്നോരു
നരന്റെ സഖിയാകൊലാ;
ഉന്മത്തനായ മർത്യന്റെ
സഹഗാമിയുമാകൊലാ. 22–24.

186 അവന്റെ വഴി ശീലിക്കാ–
തിരിക്കാനുമനുക്രമാൽ
ആത്മവ്യാധിക്കു ഹേതുക്കൾ
ഭവിക്കായ്വാനുമാണിതു. 22–25.

187 കൈയ്യടിച്ചിട്ടുറപ്പിക്ക–
ന്നവനാകൊല്ല നീ സുതാ;
കടങ്ങൾക്കിടനില്ക്കുന്ന
തരക്കാരനുമാകൊലാ. 22–26. V.

188 കൊടുക്കാൻ വകയില്ലാഞ്ഞാൽ
കടക്കർ നിന്റെ മന്ദിരെ
കിടക്കനിന്റെ കീഴിൽ നി–
ന്നെടുക്കുമതിനാലവർ. 22–27. P.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

189 പൌരാണികന്മാർ വെച്ചോരു
മൎയ്യാദകളെയൊക്കെയും
വരഭേദം വരുത്താതെ
ശരിയായിട്ടുകാക്കുക. 22—28.

190 അപ്രാപ്യവിത്തമീക്ഷിക്കാ—
നയത്തേണ്ടക്ഷിബാലക!
അതുഗാരുഡപക്ഷം വെ—
ച്ചുയരത്തിൽ പറന്നുപോം. 23—5. V.

191 ഭോഷന്റെ പക്കൽ യാതൊന്നും
ഭാഷണം ചെയ്യവേണ്ട നി
തിരസ്കരിയ്ക്കുമാമന്ദൻ
തിരിച്ചോരോ പദങ്ങളും. 23—9. P.

192 ശിശുപ്രായന്റെ ഭൂഭാഗ—
ത്തതിർഭേദം വരുത്തൊലാ;
അനാഥന്നുള്ള വസ്തുക്കൾ—
ക്കകത്തും നീ കടക്കൊലാ. 23—10. V.

193 ശിക്ഷബാലനെ വിരുതു—
മകറേറണ്ടയിമൽസുതാ!
അടിയ്ക്കുമകനെട്ടണ്ഡാൽ
മരിയ്ക്കില്ലതു നിശ്ചയം. 23—13. V.

194 ദണ്ഡു കയ്യിലെടുത്തിട്ടു
ദണ്ഡനംചെയ്യുബാലനെ
ത്രാണംചെയ്യീടുമാബാല—
പ്രാണനെ നരകാൽ സുതാ! 23—14.

195 പാപാത്മഭൃതിയിൽച്ചിത്ത—
ലോഭ ഭാവം ത്യജിയ്ക്കുക;

www.TheCMSIndia.org

അഖിലേശ ഭയത്തിൽ നിൻ–
ദിനമെല്ലാം നയിക്കുക. 23–17.

196 വിഷയേച്ഛയുമുന്മാദ–
പ്രിയവും നീക്കിവെക്കുക
ഇതുരണ്ടിലുമുൾപ്പെട്ടാൽ
ഗതിയില്ലതു നിൎണ്ണയം. 23–20; 1. P.

197 ജനിപ്പിച്ച പിതാവിനു
വഴിപ്പെട്ടു നടക്കണം:
വൃദ്ധമാതാവിനെച്ചെറ്റും
തുച്ഛമാക്കാതിരിക്കണം. 23–22.

198 തനുജാ! നീതിനേടേണം
വിവേകമഥ ശിക്ഷണം
വിജ്ഞാനമിവ മൂന്നും നീ
വിക്രയം ചെയ്തുപോകൊലാ. 23–23.

199 ഗുണവാന്റെ പിതാവിനു
പുത്രമോദമുദിച്ചിടും;
വിജ്ഞന്റെ ജനിതാവേറ്റ–
മവനിൽ തുഷ്ടനായിടും. 23–24.

200 ഭവിക്കട്ടെ പിതാക്കന്മാ–
ൎക്കാഹ്ലാദം നിങ്കലെപ്പൊഴും;
ജനിപ്പിച്ചൊരു മാതാവി–
ന്നുദിക്കട്ടെ മഹോത്സവം. 23–25.

201 വ്യഭിചാരിണിയാം നാരീ
പെരുതായൊരു ഗഹ്വരം;
ഇടുക്കായൊരു കൂപം താൻ
പരസ്ത്രീയെന്നുമോൎക്കുക. 23–27.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

202 വ്യഥയാർക്കാർക്കിളക്കം ചൊൽ—
കാർക്ക വാഗ്വാദമൂഴിയിൽ?
കഷ്ടകാലവുമാർക്കാർക്ക—
കാരണക്ഷതവും സുതാ? 23–29. P.

203 നേത്രകാലുഷ്യവും പാർക്കി-
ലാർക്കമദ്യപനല്ലയോ?
മദ്യശാല തിരഞ്ഞോടും
മത്തശീലനുമല്ലയൊ? 23–29; 30. P.

204 മദ്യം മധുരമായുള്ളിൽ—
കടക്കുമൊടുവിൽ സുതാ!
കടിക്കുമത്ര സർപ്പം പോൽ
സർവ്വാംഗം വിഷമാക്കിടും. 23–31; 32. V.

205 ദുഷ്ടനെപ്പോൽ ഭവിക്കാനായ്
കൊതിച്ചീടായ്ക ബാലക!
അവനോടിടയാനും നിൻ—
മനസ്സിന്നിച്ഛ തോന്നൊലാ. 24–1.

206 കാരണം കേളവനേതു—
മധർമ്മം തന്നെ ചിന്തകൾ;
അവന്റെ ചുണ്ടുകൾക്കിഷ്ട—
മസത്തായുള്ള ഭാഷണം. 24–2. P.

207 വിജ്ഞാനം മൂലമായ് വീടു
പണിയപ്പെടുമെപ്പൊഴും;
വിവേകമതിനെപ്പാരം
ബലവത്താക്കുമെന്നഹോ. 24–3.

208 സമ്പത്തു, കീർത്തി, മാധുര്യ—
മിവയെക്കൊണ്ടു നിന്നടെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മുറിസ്സുകങ്ങളെപ്പേരും
നിറസ്സുമറിവോക്കുക. 24–4. P.

209 ബലവാനിലുമുൽകൃഷ്ടൻ
ഗുണവാനായ മാനുഷൻ;
അതിശക്തനിലും നല്ല—
തറിവേറുന്ന പൂരുഷൻ. 24–5. P.

210 ഞെരുക്കങ്ങൾ വരുന്നേരം
മനഃക്ഷീണംഭവിസ്സിലൊ
നിനക്കുള്ളബലം നന്നായ്—
ക്ഷയിസ്സും കേൾക്ക ബാലക. 24–10. V.

211 അമിത്രമാപതിസ്സുമ്പോ—
ളാമോദം വേണ്ടതെല്ലുമെ:
അവൻ വിധ്വസ്ഥനാകുമ്പോ—
ളാഹ്ളാദം വേണ്ട മാനസെ. 24–17.

212 ദുഷ്ടനോടുള്ള മാത്സൎയ്യ—
മൊക്കെയും വിട്ടുമാറുക;
നീചനു സമനായ്ത്തീരാ—
നുള്ള മോഹം ത്യജിസ്സുക. 24–19. V.

213 കാരണം ദുർജ്ജനങ്ങൾക്കി—
ല്ലാശുഭാവിസുഖങ്ങളിൽ;
അവൎക്കുവെട്ടമേകേണ്ട
വിളക്കും കെട്ടുപോം ദൃഢം. 24–20.

2,4 ഭയപ്പെടുക ദൈവത്തെ—
ധരിത്രീപതിമാരെയും;
മൂഢരോടുള്ള സമ്പൎക്കം
ക്രുധവേഗം ത്യജിസ്സുക. 24–21. P.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

215 മുഖംനോക്കിത്തരംപോലെ
കാൎയ്യങ്ങൾ തീൎപ്പു ചെയ്യുന്നതു
നിഷിദ്ധമെന്നു നന്നായി–
ദ്ധരിച്ചീടട്ടെ ബുദ്ധിമാൻ. 24–23.

216 അസത്തിനോടു "നീസത്താ–
ണെ"ന്നു ചൊല്ലുന്ന മൎത്ത്യനെ
ശപിക്കും ലോകമൊന്നാകെ,
ത്യജിക്കും സൎവ്വജാതിയും. 24–24. V.

217 അസത്തിനെശ്ശകാരിക്കും
മാനവൻ മാനനീയനാം;
ആശിസ്സവൻെറ ശീൎഷത്തി–
ലാവസിക്കുമനാരതം. 24–25.

218 "എന്നോടു ചെയ്യതെന്തന്യൻ
ചെയ്യേണ്ടതവനോടു ഞാൻ
പരക്രിയകൾപോലെൻെറ
പ്രതികാര"മിതോതൊലാ. 24–29.

219 വമ്പൻെറ നിരയിൽ പുക്കു്
മുമ്പേതാൻ നില്ക്കവേണ്ട നീ
അതിൻെറ ഹേതു ഞാൻ ചെമ്മേ
പറയാം കേട്ടുകൊള്ളുക. 25–6.

220 അടുത്തുകേറി നില്ക്കേന്നു
ശ്രുവിക്കു ബഹുമാനമാം;
പ്രതീപമുരചെയ്യാൽ നീ–
യതീവലജ്ജനായ്വരും. 25–7.

221 വിവാദകാലമായാലും
വിവേകംവിട്ടു മത്സരം!



www.TheCMSIndia.org

കഥിക്കവേണ്ട നിൻദൃഷ്ടി–
പഥത്തിൽ പെട്ടതൊക്കെയും. 25–8. V.

222 മിത്രത്തിനവമാനം നീ–
യുത്ഭവിപ്പിച്ച ശേഷമായ്
അതുതീർത്തു ശരിക്കാക്കാ–
നിതുകൂടാതസാദ്ധ്യമാം. 25–8. V.

223 ബന്ധുവോടൊത്തു നിൻകാര്യം
ചിന്തചെയ്യുക ബാലക!
അന്യരോടു രഹസ്യങ്ങ–
ളൊന്നുമേ പറയേണ്ട നീ. 25–9.

224 മറിച്ചുചെയ്യുവെന്നാകിൽ
ചിരിക്കും കേട്ട പിമ്പവൻ
നിനക്കുദോഷമായുള്ളിൽ
നിനക്കും പല മാനുഷർ. 25–10. P.

225 കൃപയും കൂറുമേകുന്ന
സ്വാതന്ത്ര്യം മർത്യനെപ്പോഴും
അവമാനത്തിലാകായ്വാ–
നവസംരക്ഷചെയ്യുക. 25–10. V.

226 തക്കനേരത്തു ചൊല്ലുന്ന
യുക്തമായുള്ള വാക്കുകൾ
വെള്ളിത്തട്ടങ്ങളിൽവെച്ച
പൊൻപഴങ്ങൾക്കുതുല്യമാം. 25–11.

227 കൊടുതാം കാറ്റു കാർമേഘം
മഴയില്ലുണവെങ്കിലും;
ഇതുപോൽബഹുവാഗ്ദാനം
വൃഥാ ഘോഷിച്ചിടുന്നവൻ. 25–14.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

228 ക്ഷമകൊണ്ടുള്ളവായീടും
പ്രഭുവിൽ ശാന്തമാനസം;
മൃദുവാക്കുകളാൽ ഭഗ്ന-
മാകും കാഠിന്യമേതുമെ. (a) 25–15. V.

229 അടുത്തവീട്ടിലെപ്പോഴും
കടക്കേണ്ടതല്ലാജ്ഞ നീ
മടുപ്പവൎക്കു തോന്നിച്ചാ-
ലൊടുക്കം ദ്വേഷമായ്വരും. 25–17. P.

230 അസത്യമാരു സാക്ഷിയ്ക്കു-
മയൽക്കാരനു ദോഷമായ്;
അസ്ത്രവും, ഖഡ്ഗവും പാരം
തീക്ഷ്ണബാണവുമാണവൻ. 25–18.

231 വിശ്വാസഹീനനെക്കഷ്ട-
കാലത്താശ്രയമാക്കിയാൽ
ജീൎണ്ണദന്തങ്ങളും ക്ലാന്ത-
പാദവുംപോൽ ഫലപ്പെടും. 25–19. V.

232 യഥാകീടങ്ങൾ വസ്ത്രത്തെ,
യഥാദാരുവിനെച്ചിതൽ,
തഥാഹാനിഭവിപ്പിയ്ക്കും
വ്യഥമൎത്ത്യാശയത്തെയും. 25–20.

233 ക്ഷുധാൎത്തവൈരിയെബ് ഭക്ഷ്യ-
പദാൎത്ഥംകൊണ്ടുപോററുക;

---

(a) കീഴുള്ളവർ മേലുള്ളവരുടെ കോപത്തെ ക്ഷമാപൂൎവ്വം സഹിക്കയും ശാന്തവാക്കുകൾകൊണ്ടും മധുരഭാഷണംകൊണ്ടും സാവകാശത്തിൽ അതിനെ മൃദുവാക്കുകയും ചെയ്താൽ ആ കോപം ഇല്ലാതാകുമെന്നൎത്ഥം.

www.TheCMSIndia.org

തൃഷ്ണാതുരരിപുക്കൾക്കായ്
തുഷ്ട്യാപാനം കൊടുക്കുക. 25—21.

234 അരികൾക്കിതു മൂൎദ്ധാവിൽ
ചൊരിയും കനലായ്വരും;
പരമേശൻ നിനക്കേററം
വരവും മഴപോൽ തരും. 25—22.

235 വടക്കൻ കാററുവൎഷത്തെ—
ത്തടുത്തോടിച്ചു നീക്കിടും;
പൈശൂന്യ ജിഹ്വയെ ദുഃഖ—
മുഖവും ദൂരെയാക്കിടും. 25—23. V.

236 ആത്മസംദമനം ചെയ്വാൻ
പ്രാപ്തനല്ലാത്ത മാനുഷൻ
കോട്ടയും പൂട്ടുമില്ലാത്ത
പട്ടണത്തോടുതുല്യമാം. 25—28. P.

237 ഗഗനത്തിൽപ്പറക്കുന്ന
ചടകാദിഖഗങ്ങൾ പോൽ
വൃഥാ ശാപങ്ങളും ചുററി—
ത്തിരിയുന്നു ധരിക്കുക. 26—2. P.

238 കുതിരക്കു ചിതം ചാട്ട,
കഴുതക്കു ഖരവേത്രവും,
ഭോഷന്നു നിയതം യുക്തം
പൃഷ്ഠഭാഗത്തു ദണ്ഡനം. 26—3. P.

239 ജഡൻെറ ജഡതക്കൊപ്പി—
ച്ചുത്തരം പറയേണ്ട നീ;
അതുകൊണ്ടവനും നീയും
ശരിയാണെന്നു വന്നുപോം. 26—4.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

240 നിനക്കുള്ള വിവേകംപോ—
ലവനോടുരചെയ്യുക.
അതുകൊണ്ടവനുണ്ടാം താൻ
ബുധനല്ലെന്നു സമ്മതം. 26–5. P.

241 ജാഡ്യങ്ങൾ പുനരാവർത്തി—
ച്ചുരചെയ്യുന്ന മന്ദധീ
വമിച്ച വസ്തു വീണ്ടും ചെ—
ന്നശിക്കും ശ്വാവുപോലെയാം. 26–11. V.

242 ബുധനാണെന്നു താൻ ചിന്തി—
ച്ചവനെക്കണ്ടുവോ സുതാ?
അവനെക്കാൾ മഹോൽകൃഷ്ടൻ
ഭോഷനാണെന്നു കാണുക. 26–12. P.

243 ദ്വാരഗ്രന്ഥികളിൽത്തന്നെ
കവാടം തിരിയും വിധം
മടിയൻ ശയ്യയിൽത്തന്നെ
കിടന്നു മറിയും സദാ. 26–14.

244 ആപ്തവാക്യങ്ങളെച്ചൊല്ലും
സപ്തമാനുഷരിൽപ്പരം (a)
ബുദ്ധിമാനാണു താനെന്നു
ശുദ്ധമൂഢന്റെ ദൃഷ്ടിയിൽ. 26–16. V.

---

(a) 'ആപ്തവാക്യങ്ങൾ' ആലോചന, ശരിയായ വിധി, ന്യായം, സാരപൂർത്തി ഇവകൊണ്ടു മനസ്സിനേയും,— ഭംഗി, ഫലിതം ഇത്യാദികളെക്കൊണ്ടു ശ്രോത്രേന്ദ്രിയങ്ങളെയും രസിപ്പിക്കുന്ന വാക്യങ്ങൾ എന്നാണു് സങ്കല്പം.— 'സപ്തമാനുഷർ' എന്നതിനു എല്ലാം മനുഷ്യരും എന്നു ഇവിടെ അർത്ഥമാക്കേണ്ടതാണു്. വിശുദ്ധ ഗ്രന്ഥത്തിൽ പല സ്ഥല

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

245 തനിക്കു കാര്യമില്ലാത്ത
വഴക്കിന്നേല്പ്പെടുന്നവൻ
കടിക്കും ശ്വാവിനെക്കാതിൽ
പിടിക്കുന്നെന്നു കാണുക. 26–17. P.

246 വിറകിന്റെയഭാവത്താ—
ലെരിയാതഗ്നി കെട്ടുപോം;
കുഴപ്പക്കാരനില്ലാഞ്ഞാൽ
കുഴപ്പവുമമർന്നുപോം. 26–20. P.

247 ഇരുന്നൽ തീക്കനല്ലെന്താ—
ണഗ്നിക്കു വിറകെങ്ങനെ?
അതുപോലൊരു കോപിഷ്ഠൻ
ജനിപ്പിക്കുന്നു ശണ്ഠകൾ. 26–21.

248 കുഴികുത്തുന്നവൻ തന്നെ
വഴിതെറ്റിയതിൽപ്പെടും;
കല്ലുരുട്ടുന്നവൻ നേരെ
ചെല്ലും പിന്നോക്കമാശ്ശില. 26–27.

249 അടുത്ത നാളിനെച്ചിന്തി—
ച്ചവഷ്ടംഭം തുടങ്ങൊലാ.
നാളെയെന്തൊക്കെയാണെന്നി—
ന്നാൾ നിനക്കറിയാവതോ? 27–1.

250 തനുജാ നിന്റെ വായല്ലാ—
രന്യൻ നിന്നെ സ്തുതിക്കണം;
പരൻ പുകഴ്ത്തണം നിന്റെ
രദനച്ഛദമല്ല കേൾ. 27–2.

---

ങ്ങളിലും 'ഏഴു' എന്ന സംഖ്യ അനവധി, സർവ്വം എന്ന അ
ർത്ഥത്തിലാണു് പ്രയോഗിച്ചിരിക്കുന്നതു്.

www.TheCMSIndia.org

251 കല്ലിന്നു ഘനമേറുന്നു
ഭാരമേറുന്നു മണ്ണിന്നു
മൂഢന്റെ കോപമീരണ്ടു-
വസ്തുവേക്കാൾ തുലോം ഗുരു. (a) 27–3.

252 പ്രത്യക്ഷശാസനം ഗുപ്ത-
മൈത്രിയെക്കാൾ മഹത്തരം;
ശത്രുവിൻ ചുംബനത്തെക്കാൾ
മിത്രദണ്ഡനമുത്തമം. 27–5; 6. P.

253 മധുകോശത്തെയും കാലാൽ
ചവിട്ടും പൂരിതോദരൻ
വിശപ്പുള്ളവനത്യന്തം
രുചിക്കും കയ്‌ച വസ്തുവും. 27–7.

254 സുരഭീകൃതവസ്തുക്കൾ
ഹൃദയോല്ലാസഹേതുകം
മിത്രമന്ത്രണമാത്മാവി-
ന്നത്യാഹ്ളാദപ്രദായകം. 27–9.

255 പിതാവിൻ ബന്ധുവേയും നിൻ-
ബന്ധുവേയും ത്യജിക്കൊലാ;
നിന്റെ കഷ്ടതയിൽ നിന്റെ
ഭ്രാതൃഗേഹം ഗമിക്കൊലാ. 27–10.

256 അകലത്തു വസിക്കുന്ന
ഭ്രാതാവേക്കാൾ ഫലപ്രദൻ
അടുത്തുതന്നെ പാൎക്കുന്നോ-
രയൽക്കാരൻ ധരിക്കുക. 27–10.

---

(a) വഹിക്കുവാൻ പ്രയാസമേറിയതു: അധികം ഉപദ്രവകരമായതു എന്നൎത്ഥം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



257 നരകം നാശമീരണ്ടും
നിറയുന്നില്ലൊരിക്കലും;
മനുഷ്യനേത്രവും സൂനൊ!
തൃപ്തമല്ലൊരു നാളിലും. 27–20.

258 മൂശകൊണ്ടറിയാം വെള്ളി-
യഗ്നിക്കേണ്ടധന കാഞ്ചനം
സ്തുതിപാഠക വക്ക്ത്രത്താ-
ലൊരുമർത്ത്യനെയും തഥാ. 27–21.

259 യവതുല്യമുരൽക്കള്ളി-
ലിട്ടുമർദ്ദിക്കു മൂഢനെ;
അവന്റെമൌഢ്യമെന്നാല്പ-
മുമിയായ് ത്തിരിയാട്ടഢാ. 27-22. V.

260 അനുധാവകനില്ലാതെ
താനേയോടുന്നു ദുർജ്ജനം.
മൃഗരാജസമം ധൈര്യ-
മാർന്നു നില്ക്കുന്നു സജ്ജനം. 28–1.

261 കുടിലാശയനായുള്ള
ധനവാനിലുമുത്തമൻ
നിർവ്യാജമാനസം ചേർന്ന
നിർദ്ധനൻതന്നെ നിശ്ചയം. 28–6. V.

262 ധനസമ്പാദനത്തിന്നായ്
ധൃതികൂട്ടുന്ന മാനുഷൻ
നിർദ്ദോഷിയായ് ഭവിക്കില്ലെ-
ന്നുറപ്പായ് വിശ്വസിക്കുക. 28–20. V.

263 ദുഷ്കർമ്മമത്രേ ചെയ്യുന്നു
മുഖംനോക്കി വിധിപ്പവൻ;

www.TheCMSIndia.org

അവനപ്പനറുക്കിന്നും
സത്യത്തെക്കൈവ്വിടുന്നകേൾ. 28–21. V.

264 സ്തുതിച്ചു ചതിപററിക്കും
നരനെക്കാളുമാത്മജാ!
ശാസിക്കും നരനെപ്പിന്നെ
സ്നേഹിക്കുമൊരുവൻ ദൃഢം. 28–23. V.

265 ദരിദ്രൎക്കു കൊടുക്കുന്ന
നരൻ നിൎദ്ധനനായിടാ.
ദീനരിൽ നിന്നു കൺമാററു–
ന്നവന്നേറുന്നു ശാപവും. 28–27. P.

266 സജ്ജനം പെരുകുന്നേരം
ലോകമാഹ്ലാദമാൎന്നിടും;
ദുൎജ്ജനങ്ങൾ ഭരിക്കുമ്പോൾ
കേഴും ലോകങ്ങളൊക്കെയും. 29–2. V.

267 മനഃക്ഷോഭങ്ങളോരോന്നും
വെളിക്കാക്കുന്നു വൎബ്ബരൻ;
മനസ്സുകൊണ്ടു നന്നായി–
ച്ചിന്തചെയ്യുന്നു ബുദ്ധിമാൻ. 29–11. P.

268 പൊളിവാക്കുകളെത്തുഷ്ട്യാ
കേൾക്കുമദ്ധ്യക്ഷനാരുവാൻ?
അവൻെറ സൎവ്വദാസന്മാർ
ദുഷ്ടരെന്നോൎത്തുകൊള്ളുക. 29–12. P.

269 നിൎദ്ധനൻ ദുഃഖിതൻ താനും
കണ്ടുമുട്ടും പരസ്പരം;
ഇരുപേരുടെയും നേത്രം
തെളിയിക്കുന്നതീശ്വരൻ. 29–13. P.

www.TheCMSIndia.org

270 നീതിപൂൎവ്വകമായേതും
വിധിചെയ്യുന്ന ഭൂമിപൻ
നീതിയാൽ സ്വന്ത പീഠത്തെ
ബലവത്താക്കുമെന്നഹം. 29–14. P.

271 വടിയും ശിക്ഷയും നല്ല-
വിജ്ഞാനം നൽകുമേവനും;
സ്വതന്ത്രൻ സുതനമ്മക്കു
വരുത്തും ലജ്ജയേററവും. 29–15.

272 ശരിയായവിധം നിന്റെ
മകനേ നീ വളൎത്തുക
നിനക്കാശ്വാസനം നൽകും
മനഃസംതുഷ്ടിയും തരും. 29_17.

273 വചസ്സുകൊണ്ടുമാത്രം നേർ-
വഴിക്കാവില്ല സേവകൻ.
അടിപേടിക്കുവാനില്ലെ-
ന്നറിയുന്നതു കാരണം. 29–19. P.

274 നിനച്ചു കഴിയും മുമ്പെ
കഥിച്ചു കഴിയുന്നവൻ
അധമൻ ജളനെക്കാളു-
മധികം, കേൾക്ക ബാലക! 29–20. P.

275 ശൈശവംതൊട്ടു ലാളിച്ചു
വളൎത്തപ്പെട്ട മാനവൻ
ദാസനാകുമൊടുക്കത്തിൽ
ദീൎഘശ്വാസംകഴിച്ചുപോം. 29–21. P.

276 രാഗാദികൾക്കു കീഴ്പെട്ട
മാനവൻ ക്ഷോഭകാരകൻ;

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ദുഷ്ക്കാമിയപരാധത്തെ
വദ്ധിപ്പിക്കുന്നു ബാലക! 29–22. P.

277 പ്രാഗത്ഭ്യമനിശം പുത്രാ
താഴത്താക്കുന്നു മർത്ത്യനെ;
വിനയം വലുതാക്കീടു–
മവൻെറ മഹിമാവിനെ. 29–23 P.

278 സജ്ജനം ദുജ്ജനത്തെ വി–
ദ്വേഷിക്കുന്നു നിരന്തരം;
സന്മാഗ്ഗമൊക്കെയും ദുഷ്ട–
മർത്ത്യനും നിരസിച്ചിടും. 29–27. P.

279 ദൈവവാക്കുകൾ നിശ്ശേഷം
പാവനം ശോഭനം പരം.
ആശ്രയിക്കുന്നവൎക്കെല്ലാ–
മഭയസ്ഥാനമീശ്വരൻ. 30–5. V.

280 ഈശ്വരപ്രോക്തമാം വാക്കിൽ
ചേൎക്ക വേണ്ടതുമോമനെ!
അതു ശിക്ഷാർഹമാം വ്യാജ–
വക്താവാം നീയുമോൎക്കുക. 30–6.

281 വ്യൎത്ഥാഭിമാനമല്ലുണ്ണും
സത്യമല്ലാത്ത വാക്യവും
ഇവ ദൂരെയകററേണ–
മിവനിൽ നിന്നു ദൈവമേ! 30–8.

282 ധനികത്വവുമത്യന്തം
ധനഹീനതയും വിഭോ!
അടിയന്നരുളീടൊല്ല
മുടക്കീടൊല്ല നിത്യത. 30–8.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

283 ധനവൃത്തിയി“ലാരീശ”—
നിതിഹാഹന്ത ദൈവമേ!
കളവായൊരുപക്ഷേ ഞാൻ
പറയാനിടയായിടാം. 30–9. P.

284 ദാരിദ്ര്യദുഃഖമേറുമ്പോൾ
ചോരണം ചെയ്തുപോമഹം
പിന്നെയെൻ ദൈവനാമത്തിൽ
കള്ളയാണയുമിട്ടുപോം. 30–9.

285 പരിപാവനരായ് താനേ-
കരുത്തുന്നൊട്ടു മാനുഷർ
പറയാമവരെന്നാലും
കറയെക്കഴുകാത്തവർ. 30–12.

286 രണ്ടു പുത്രികൾ കന്നട്ട (a)
ക്കുണ്ടു രണ്ടുമൊരേവിധം
കൊണ്ടുവാ കൊണ്ടുവായെന്നു
ച്ചുണ്ടുക്കൂട്ടാതെ ചൊല്ലിടും. 30–15. V.

287 അലംഭാവമുദിക്കാത്ത
വസ്തു മൂന്നുണ്ടു ബാലക!
നാലാമതൊന്നു ചൊല്ലുന്നീ-
ലിനിവേണ്ടെന്നൊരിക്കലും. 30. 15.

288 നരകം, ഗർഭപാത്രത്തിൻ—
വദനം, വറഭൂമിയും;
മതിയെന്നുരചെയ്യുന്നി—
ല്ലഗ്നി യാതൊരു നാളിലും. 30–16.

---

(a) “കന്നട്ട” ആശയെ നിർദ്ദേശിക്കുന്നു. ഇതിൻെറ രണ്ടു പുത്രികൾ വിഷയേച്ഛയും വ്യാഗ്രഹവും തന്നെ.

www.TheCMSIndia.org

289 എനിക്കു ഗൂഢമായിട്ടു
ചൊല്ലാൻ മൂന്നുണ്ടു സംഗതി;
പിന്നെ നാലാമതൊന്നുള്ള—
തെന്നാലജ്ഞാതമേററവും. 30–18. P.

290 ഗരുഡായനമാകാശെ,
ശിലയിൽ സർപ്പ പദ്ധതി,
കടലിൽ കപ്പലിൻമാർഗ്ഗം,
യൌവ്വനെ മർത്ത്യപാഥയും. 30–19.

291 ഉലകം മൂന്നു കാൎയ്യത്താ—
ലുലയുന്നു നിരന്തരം;
നാലാമതൊന്നിനെത്താങ്ങാ—
നാളാകുന്നില്ല പാരിടം. 30–21

292 അധികാരം നടത്തുന്ന
ദാസനും, കുക്ഷിപൂരണം
ശരിയായിബ്ഭവിച്ചുള്ള
ഭോഷനായൊരു മർത്ത്യനും. 30–22.

293 വിവാഹബദ്ധയാം സ്ത്രീയിൽ—
ദ്വേഷവും, തന്റെ നാഥയെ
ബലാലിറക്കിവിട്ടോരു
ദാസിയും കേൾക്കനാലിവ. 30–23. P.

294 നാലുണ്ടു ഭൂമിയിൽ വസ്തു
കേവലം ചെറുതായതു
അവ വിജ്ഞരിലത്യന്തം
വിജ്ഞരാകുന്നു നിശ്ചയം. 30–24.

295 ഒട്ടുമേബലമില്ലാത്ത
കൂട്ടമാണ് പിപീലികാ

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

എങ്കിലും ഫലകാലത്തിൽ
സംഭരിക്കുന്നു ഭോജനം. 30–25.

296 ബലമററൊരു വർഗ്ഗംതാൻ
മുയലെന്നു സുസമ്മതം;
അതു പാറകളിൽത്തന്നെ
പണിയുന്നു നികേതനം. 30–26.

297 കളിയല്ല സുതാ! വെട്ടു–
കിളികൾക്കില്ല നായകൻ.
ഇളയാതവ കൂട്ടംചേ–
ന്നിളകും വിഗമങ്ങളിൽ. 30–27.

298 അഷ്ടാപദനഹോരാത്രം
തുഷ്ട്യാനിൽക്കുന്നു കാൽകളിൽ;
അതുരാജനികേതത്തിൽ
കുടിപാർക്കുന്നു– നാലിവ. 30–28

299 ന്യായപൂർവ്വം വിധിക്കുവാനായ്
വായ് തുറക്ക തനൂജ, നീ
ദരിദ്ര ദീനന്മാരോടു
നീതിചെയ്യുക സർവ്വദാ. 31–9.

300 നിഷ്ഫലം രൂപലാവണ്യം
വ്യർത്ഥം സൌന്ദര്യമൊക്കെയും
കർത്താവിൽബ് ഭയമേറുന്ന
മാനിനീമാനനീയയാം. 31–30.

(സമാപ്തം.)

Printed and published for the Proprietor by P.K. Joseph
at St. Joseph's Press, Mannanam. 1921.

www.TheCMSIndia.org

www.marggam.com

Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

**An international forum for interdisciplinary discussion, and dissemination of knowledge, on the music, art and dance of about thirty million Christians in India.**

Support Our Ongoing Projects

- Marggam, Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org